കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊണ്ടാഴി ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.7)1332/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ -680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി:07.01.21

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖേന)
കൊണ്ടാഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കൊണ്ടാഴി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-13, 1-22, 1-24, 1-32, 1-39, 1-45, 1-50 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.7)1332/2020 തീയതി. 07.01.2020

## തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴിഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.02.2019 മുതൽ 09.11.20 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.03.2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ അന്വേഷണക്കുറിപ്പുകളിലൂടെ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9.11.2020 മുതൽ 19.11.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. റീന ജോസഫ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ലിഷ.കെ.വി അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുനിൽ.പി.ബി അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രേഖ.സി അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മോഹനൻ.കെ.എ ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ആർ.ശ്രീദേവി | 1.4.18 മുതൽ 16.7.18 വരെ |
| | ശ്രീ.പി.ആർ.വിശ്വനാഥൻ | 17.7.18 മുതൽ 23.9.18 വരെ |
| | ശ്രീമതി.സുലേഖ പ്രദീപ് | 24.9.18 മുതൽ 31.3.19 വരെ |
| സെക്രട്ടറി | ശ്രീ.ജയനൻ.കെ | 1.4.18 മുതൽ 23.6.18 വരെ |
| | ശ്രീ.സുധീർ.പി.എസ് (സെക്രട്ടറി ഇൻ ചാർജ്) | 24.6.18 മുതൽ 12.8.18 വരെ |
| | ശ്രീമതി.മിനി.വി | 13.8.2018 മുതൽ 31.03.2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥൻ</u>

| | | |
|---|---|---|
| അസി.സെക്രട്ടറി | സുധീർ.പി.എസ് | 1.4.18 മുതൽ 31.03.19 വരെ |
| അസി.എഞ്ചിനീയർ | കെ.എം.ഷമീർ | 1.4.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ബീന.എം.കെ | 1.4.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ബിന്ദു.കെ | 1.4.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സന്തോഷ്.കെ | 1.4.18 മുതൽ 4.10.18 വരെ |
| | ഡോ.ജയമ്മ ജോസഫ് | 5.10.2018 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.മൃദുല.എൻ. മോഹൻ | 1.4.18 മുതൽ 31.03.19 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | അശ്വതി ഗോപിനാഥൻ | 1.4.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ (കൊണ്ടാഴി സർക്കിൾ) | പീറ്റർ.സി.ജി | 1.4.18 മുതൽ 30.11.18 വരെ |
| | സോളി.ടി.ബി | 1.12.18 മുതൽ 31.3.19 വരെ |
| വി.ഇ.ഒ (ചേലക്കോട് സർക്കിൾ) | പ്രശാന്ത്.പി.കെ | 1.4.18 മുതൽ 11.10.18 വരെ |
| | ദീപക്.സി.ആർ | 12.10.18 മുതൽ 30.11.18 വരെ |
| | നിഖിൽ.കെ | 1.12.18 മുതൽ 31.3.19 വരെ |
| ഹെഡ്മിസ്ട്രസ് | വസന്തകുമാരി.ടി | 1.4.18 മുതൽ 31.5.18 വരെ |
| | സനൽ കുമാർ | 1.6.18 മുതൽ 31.3.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | നാൻസി.കെ.വർഗീസ് | 1.04.18 മുതൽ 18.7.18 വരെ |
| | ജീസ്മ വിൽസൺ | 19.7.18 മുതൽ 16.12.18 വരെ |
| | സുരേഷ് കുമാർ.എ | 17.12.18 മുതൽ 31.03.19 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ശരണ്യ.എ.ജി | 1.04.18 മുതൽ 31.03.19 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രശീതു പരിശോധനയിൽ കണ്ട അപാകതകൾ | 1-12 |
| 13 | വസ്തു നികുതി ഇളവുകൾ - അർഹത ഇല്ലാത്ത കാലയളവിൽ നികുതി ഇളവുകൾ നൽകി | 1-13 |
| 14 | വസ്തു നികുതി നിർണ്ണയം - അപാകതകൾ | 1-14 |
| 15 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-15 |
| 16 | കെട്ടിട വാടക ഈടാക്കുന്നില്ല | 1-16 |
| 17 | വാട്ടർ ചാർജ്ജ് കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-17 |
| 18 | ഫാക്ടറി വ്യാപാര ലൈസൻസ് അപാകതകൾ | 1-18 |
| 19 | റേഷൻ കടകൾക്ക് ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ് | 1-19 |
| 20 | കെട്ടിട നിർമ്മാണ പെർമിറ്റുകൾ - അപാകതകൾ | 1-20 |
| 21 | കളക്ഷൻചാർജ് - തനതു വരുമാനമാക്കാവുന്നതാണ് | 1-21 |
| 22 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ് | 1-22 |
| 23 | ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ചെയ്തതിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 1-23 |
| 24 | അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന കാലയളവിലെ ശമ്പളം അനുവദിച്ചു | 1-24 |
| 25 | ഇൻകം ടാക്സ് ഫയലിംഗ് - ലേറ്റ് ഫീ | 1-25 |

| | | |
|---|---|---|
| | അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല ചെലവ് തടസ്സപ്പെടുത്തുന്നു | |
| 26 | ഓണം അഡ്വാൻസ് തിരിച്ചുപിടിച്ചില്ല | 1-26 |
| 27 | കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി യാത്രബത്ത അനുവദിച്ചു | 1-27 |
| 28 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടില്ല | 1-28 |
| 29 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികളെ ഏല്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-29 |
| 30 | തനതു ഫണ്ട് വൗച്ചറുകൾ - രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-30 |
| 31 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവു രേഖകൾ ഹാജരാക്കിയില്ല | 1-31 |
| 32 | സാമൂഹ്യക്ഷേമപെൻഷൻ രജിസ്റ്ററുകളിലെ അപാകതകൾ | 1-32 |
| 33 | പ്രൊഡക്ഷൻ ബോണസ് വിതരണം -വിതരണം സംബന്ധിച്ച രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല | 1-33 |
| 34 | സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ - രേഖകൾ ലഭ്യമാക്കിയില്ല. | 1-34 |
| 35 | സ്ട്രീറ്റ് ലൈറ്റ് സേവനം - സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണം | 1-35 |
| 36 | തുടർ സാക്ഷരത പ്രവർത്തനം- രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-36 |
| 37 | പഠനമുറി നിർമ്മാണം - രേഖകൾ ഹാജരാക്കിയില്ല | 1-37 |
| 38 | TDS ഈടാക്കി വിവരം അറിയിക്കേണ്ടതാണ് | 1-38 |
| 39 | കരാർ ഉടമ്പടിയിൽ ഏർപ്പെട്ടതിന് ശേഷം നടപ്പാകാത്ത പ്രോജക്ടുകൾ - തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-39 |
| 40 | ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് | 1-40 |
| 41 | വിവിധ പ്രോജക്ടുകളുടെ പൂർത്തീകരണം - ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-41 |
| 42 | അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ തുക നീക്കിയിരിപ്പ് | 1-42 |
| 43 | കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിട്ടില്ല | 1-43 |
| 44 | കുഴൽ കിണർ നിർമ്മാണം - സൈറ്റ് ഇൻവെസ്റ്റിഗേഷന് നൽകിയ തുക കരാറുകാരന് നൽകിയത് | 1-44 |
| | | |

| | | |
|---|---|---|
| 45 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വൃദ്ധർക്ക് ഊന്നുവടി വിതരണം | 1-45 |
| 46 | ആയുർവേദ മരുന്ന് വാങ്ങൽ - മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല | 1-46 |
| 47 | പാലിയേറ്റീവ് കെയർ പദ്ധതി -അപാകതകൾ | 1-47 |
| 48 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് | 1-48 |
| 49 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കൊണ്ടാഴി സർക്കിൾ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ | 1-49 |
| 50 | ലൈഫ് മിഷൻ- രണ്ടാം ഘട്ട ഭവന നിർമ്മാണം- കരാർ വ്യവസ്ഥകൾ പ്രകാരം അനുവദനീയമായതിലും അധികം വായ്പാ വിഹിതം അനുവദിച്ചു | 1-50 |
| 51 | ഒരേയിനം പ്രവൃത്തിക്ക് വിവിധ നിരക്ക് - മറുപടി ലഭ്യമാക്കേണ്ടതാണ് | 1-51 |
| 52 | കംപ്യൂട്ടറുകൾ വാങ്ങൽ- വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബിൽ തുക അനുവദിച്ചു. | 1-52 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| 53 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 54 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 55 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 56 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 57 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 58 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 59 | ഓഡിറ്റ് റിക്കവറി | 4-7 |
| 60 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 61 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 62 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിന്റെ വിവരം | 4-10 |
| 63 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.03.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 29,27,65,588/- രൂപയും പ്രതീക്ഷിത ചെലവ് 29,41,11,100/- രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് 7 കോടി രൂപയും ചെലവ് 6 കോടി രൂപയുമാണ്. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.19 | 7.6.19 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25,55,553 |
| വരവ് | 7,34,75,147 |
| ആകെ | 7,60,30,700 |
| ചെലവ് | 6,58,10,521 |
| നീക്കിയിരിപ്പ് | 1,02,20,179 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം(എസിആർ പ്രകാരം ) | 0 | 14288000 | 14288000 | 12544846 | 1743154 |
| വികസനഫണ്ട് എസ്.സി.പി.(എസിആർ പ്രകാരം ) | 0 | 10040000 | 10040000 | 6856091 | 3183909 |
| സംരക്ഷണഗ്രാന്റ് റോഡ്(എസിആർ പ്രകാരം ) | 0 | 6156000 | 6156000 | 6146160 | 9840 |
| സംരക്ഷണഗ്രാന്റ് നോൺറോഡ്(എസിആർ പ്രകാരം ) | 0 | 2914000 | 2914000 | 2194690 | 719310 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (എസിആർ | 0 | 8482993 | 8482993 | 5944144 | 2538849 |

| | | | | | |
|---|---|---|---|---|---|
| (പ്രകാരം) | | | | | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 114342653 | 106 | 52274436 | 0 | 73 | 59.21% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| | മുൻബാക്കി | വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേഷൻ ചെലവ് | 243525 | 361697 | 605222 | 281859 | 323363 |
| തൊഴിലാളികളുടെ കൂലി | - | 40608727 | 40608727 | 40608727 | |

മേൽ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 224520 | 140 |
| കർഷകതൊഴിലാളി പെൻഷൻ | 9025200 | 671 |
| വിധവാപെൻഷൻ | 14407600 | 1139 |
| വാർദ്ധക്യകാലപെൻഷൻ | 18972600 | 1481 |
| വികലാംഗപെൻഷൻ | 4077800 | 321 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2576000 | 207 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം | 150000 | 5 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,303/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

<u>എ) സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ മേൽനോട്ടം ശക്തിപ്പെടുത്തണം</u>

വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിക്കുന്നതു വരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട യോഗങ്ങൾ യഥാസമയം വിളിച്ച് ചേർക്കൽ, മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ, പദ്ധതി യഥാസമയം പരിശോധനക്കായി സമർപ്പിക്കൽ തുടങ്ങി എല്ലാവിധ മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്താനുള്ള ചുമതല വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്കാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിലുള്ള മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ അവസ്ഥാ രേഖ പരിഷ്കരിച്ചോയെന്നും തയ്യാറാക്കിയ പ്രോജക്ട് അടിസ്ഥാന വിവരങ്ങൾക്ക് അനുസൃതമാണോയെന്നും, വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ സമയങ്ങളിൽ യോഗം ചേർന്ന് ചുമതലകൾ നിർവ്വഹിക്കുന്നുണ്ടോയെന്നുമുള്ള കാര്യങ്ങളിൽ കൂടുതൽ മേൽനോട്ടമുണ്ടാവണം. ഇതുമായി ബന്ധപ്പെട്ടുള്ള കൂട്ടായ പരിശോധനയുടേയും തീരുമാനങ്ങളുടേയും രേഖപ്പെടുത്തലുകൾ മിനിട്സിലുണ്ടാവണം. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗ മിനുട്സ് പരിശോധിച്ചാലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ അവസ്ഥാ രേഖ പരിഷ്കരിച്ചോയെന്നും തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ അടിസ്ഥാന ഡാറ്റയുടെ അടിസ്ഥാനത്തിൽ പൂർണ്ണവും കുറ്റമറ്റതുമാണെന്ന് ഉറപ്പ് വരുത്താൻ നടത്തിയ പരിശോധനയുടെ വിശദാംശം മിനിട്സിലില്ലായെന്ന് കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ അതാത് മേഖലകളിൽ നിർദ്ദേശിച്ച പ്രോജക്ടുകൾ ബന്ധപ്പെട്ട മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ വ്യക്തമാക്കുന്ന ആവശ്യങ്ങൾക്ക് അനുസൃതമാണെന്നും ഉറപ്പ് വരുത്തണം. എന്നാൽ 2018-19 ലെ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ബുക്കുകളുടെ പരിശോധനയിൽ ഓരോ വർക്കിംഗ് ഗ്രൂപ്പുകളും ഓരോ തവണ മാത്രമേ കൂടിയിട്ടുള്ളൂ. പലതിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ തന്നെ ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല എന്നു കാണുന്നു.

<u>ബി) മോണിറ്ററിംഗ് നടത്തിയിട്ടില്ല</u> - പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ, തിയതി 29.3.2017 ലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. മാത്രമല്ല പ്രൊജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണഉദ്യോഗസ്ഥൻ പ്രൊജക്ടിന്റെ ഭൗതികലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും രേഖപ്പെടുത്തിയ ഒരു പൂർത്തീകരണപത്രം തയ്യാറാക്കേണ്ടതുമാണ്. എന്നാൽ 2018-19 വർഷം നടപ്പാക്കിയ ഒരു പ്രൊജക്ടിലും മോണിട്ടറിംഗ് നടത്തുകയോ പൂർത്തീകരണപത്രം തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.11.2020 | 2/20 മുതൽ 3/20 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.12.2010 മുതൽ 01.01.2011 വരെ | 2005-06 മുതൽ 2009-10 വരെ | 31.01.17 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1 തൻവർഷം</u>

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1417,535 | 11,84,486 | 56569 | 1,78,339 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1419745 | 1185652 | | *1,80,080 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * (189084/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
| --- | --- | --- | --- | --- |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | 919424 | 785092 | 22280 | 114763 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 919758 | 785092 | | *115264 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | * (121027/105X100) (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2 കുടിശ്ശിക

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
| --- | --- | --- | --- |
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 539186 | 365204 | 176329 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *1147676 | 367383 | **178050 |
| | *(2017-18 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) (489885+715175= 1205060/105* 100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (186952/105X100)=, |

2.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
| --- | --- | --- | --- |
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 407911 | 274378 | 135296 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *0 | 274378 | 135524 |
| | 2017-18 സാമ്പത്തിക വർഷത്തിൽ നോൺ | (റസീറ്റ് & പേയ്മെന്റ് പത്രിക , | **(142300/105X100)=, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് |

| | | | |
|---|---|---|---|
| | റെസിഡൻഷ്യൽ ഇനത്തിൽ കുടിശ്ശിക രേഖപ്പെടുത്തി യിട്ടില്ല) | ഷെഡ്യൂൾ ആർ.പി-43) | സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 72558 | 28837 | 101395 | 60403 | 18632 | 79035 | 2999 | | 9163 | 9389 | 18552 |
| | നോൺ-റെസിഡൻഷ്യൽ | 47184 | 21284 | 68468 | 39476 | 13781 | 53257 | 1141 | | 5913 | 7004 | 13296 |
| | ആകെ | | | 169863 | | | 132292 | | | 31469 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 180707 | | | 132705 | | | | 148573 | 32134 | | |
| | | 60835+119872 = 180707(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 - State govt . Cess/levies. ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്) | | | | (431910101 - State govt. Cess/levies. ലെഡ്ജർ 2018-19) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 136100 | 134981 |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 20,283 | 18116 |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ 170 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 01/04/2018 ൽ ഒറ്റത്തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,32,705 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 1,32,292 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 1,48,573 രൂപയാണ്. (വൗച്ചർ 41800292 തീ .31.03.19 (പട്ടിക 2.3 കാണുക )

2.8. തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 20,283 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും

സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 നോൺ-റെസിഡൻഷ്യൽ

| ക്ര.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800295 | 31/03/19 | 20283 |

2.9 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 6,39,363 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 30,446 (6393363/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 32,134 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3. 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.4 വെള്ളക്കരം

4.5 വാടക ഡിമാന്റ് രജിസ്റ്റർ

4.6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4.1 അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി ഒഴികെ)

| ഇനം | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| ഡി&ഒ ലൈസൻസ് (വാർഷിക കണക്ക് പ്രകാരം) | 87350 | 31000 |
| രജിസ്റ്റർ പ്രകാരം | 87050 | 30700 |

4.2 കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന ഇനങ്ങൾ പരിശോധിക്കുന്നതിന് രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

5.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം തൊഴിൽ നികുതി -ട്രേഡേഴ്സ്, ഡി&ഒ ലൈസൻസ് എന്നീ ഇനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

6. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വെള്ളക്കരം എന്നീ ഇനങ്ങളിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (48471) |
| 280200402-Prior period income-Recovery of Unutilised Grant | (3976) |
| 280500101-Prior period expenses- Tax remission and Refund | 4897 |
| 280200401-Prior period income-Other income | (101899) |
| 280800101-Prior period-Establishment expenses | (357023) |
| 280800501-Prior period- Programme | 12,68,995 |

| | |
|---|---|
| expenses | |

8. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

9. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

10.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7664626 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10794483 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

11. 2018-19 വർഷത്തെ Income and expenditureപത്രിക പ്രകാരം 5875224രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

11.1 31/3/2019ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101-Other Fixed Assetsഎന്ന ആസ്തിക്ക് 281963രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2019 ലെ Accumalated Depreciation 903032 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2019-20 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

11.2 ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) 2018-19 വർഷത്തിൽ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. 2017-18 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള അക്യൂമുലേറ്റഡ് ഡിപ്രീസിയേഷൻ തന്നെയാണ് 2018-19 ലും നൽകിയിരിക്കുന്നത്.

| ക്ര.ന | ആസ്തി -ശീർഷകം | 31/3/2019 ലെ അക്യൂമുലേറ്റഡ് ഡിപ്രീസിയേഷൻ |
|---|---|---|
| 1 | 411310101-Sewage and Drainage | 36763 |
| 2 | 411400101-Plant & Machinery | 45246 |

12. തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| | മുൻബാക്കി | വരവ് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 243525 | 361697 | 203169 | 323363 |
| എൻ.ആർ.ഇ.ജി.എസ് കണക്ക് പ്രകാരം | 243525 | 282250 | 283000 | 323363 |

വാർഷിക കണക്ക് പ്രകാരം എൻ.ആർ.ഇ.ജി.എ യുടെ മുൻബാക്കി 243525 ആണെങ്കിലും കാഷ്ബുക്കിൽ രേഖപ്പെടുത്തിയത് പ്രകാരം മുൻബാക്കി 778282 രൂപയാണ്.

13.അഡ്വാൻസ് രജിസ്റ്ററിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഒഴികെയുള്ള ഇനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

14. ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. (ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഐ.സി.ഡി.എസ്. ഒഴികെ)

15. 31/3/2018 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital contribution” എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2019 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്(61051425 രൂപ). വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and expenditure account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

16. താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്ര.ന | ബാങ്ക് | അക്കൗണ്ട് നമ്പർ | 31.03.2019 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | എസ്.ബി.ടി | 67033060044 | 7133 |
| 2 | എസ്.സി.ബി, കൊണ്ടാഴി | 102100010003652 | 2722 |
| 3 | കാനറ ബാങ്ക് (സാക്ഷരത) | ലഭ്യമല്ല | 1543 |
| 4 | ദുരിതാശ്വാസ നിധി, കൊണ്ടാഴി എസ്.സി.ബി | ലഭ്യമല്ല | 5732 |

മേൽ ബാങ്ക് അക്കൗണ്ടുകളുടെ 31.03.18 ലെ അതേ ബാലൻസ് തന്നെയാണ് 18-19 ൽ മുൻബാക്കി, നീക്കിയിരിപ്പുമായി ചേർത്തിരിക്കുന്നത്. ക്രമനം.1, 2 എന്നീ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.19 ലെ നീക്കിയിരിപ്പ് യഥാക്രമം 7385, 2825 എന്നിവയാണ്. എന്നാൽ വാർഷിക കണക്കിൽ 7133, 2722 എന്നിങ്ങനെയാണ് നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. ക്രമനം. 3, 4 ബാങ്ക് സ്റ്റേറ്റ്മെന്റ്

ഹാജരാക്കിയില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-2 ല്യം ക്രമനം.4 ലെ നീക്കിയിരിപ്പ് 17-18 ലെ അതേ തുക (5732) തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

17. 31/3/2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 982943 രൂപ യാണ്. ആയതിന്റെ കൃത്യത ഉറപ്പാക്കുന്നതിന് രേഖകൾ ലഭ്യമാക്കിയില്ല.

18. വായ്പ ഇനത്തിൽ തൻവർഷം 14300055രൂപ വരവുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വായ്പ അക്കൗണ്ടിന്റെ പാസ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

19. ടി.എസ്.ബി. ജോയിന്റ് വെഞ്ചർ - അക്കൗണ്ട് നം. 79901140002367- ആർ.പി.40(ബി) പ്രകാരം 1278704 രൂപയും ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക്ബുക്ക് ബാലൻസ് 1378704 രൂപയുമാണ്. വ്യത്യാസത്തിന് കാരണം വിശദീകരിച്ചിട്ടില്ല.

20. എൻ.ആർ.ഇ.ജി.എ 2018-19 ലെ നീക്കിയിരിപ്പ് ആർ.പി.-40(ബി), ബാങ്ക് ബുക്ക്, പാസ്ബുക്ക് എന്നിവ പ്രകാരം 323363 രൂപയാണ്. എന്നാൽ ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 4,02,053 രൂപയാണ്.

21. Suppliers SD എന്ന ശീർഷകത്തിൽ ആർ.പി.-34 പ്രകാരം 200 രൂപ കളക്ഷൻ ഉണ്ട്. ആയത് ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിനാൽ ഡെപ്പോസിറ്റ് രജിസ്റ്ററിലെ നീക്കിയിരിപ്പും വാർഷിക കണക്കിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

22. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 350800299-Other Liabilities എന്ന ശീർഷകത്തിൽ 1,58,650 രൂപ ഉണ്ട്. ആയതിന്റെ കൃത്യത ഉറപ്പാക്കുന്നതിന് രേഖകൾ ഹാജരാക്കിയില്ല.

23. വാർഷിക കണക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്ററുകൾ / പത്രികകൾ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

# 1-12 രശീതു പരിശോധനയിൽ കണ്ട അപാകതകൾ

പഞ്ചായത്തിൽ ഉപയോഗിക്കുന്ന രശീതു ബുക്കുകളിൽ വന്നിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. രശീത് ബുക്കിന്റെ ഉപയോഗശേഷം ബാക്കി വന്ന പേജുകൾ ക്യാൻസൽ ചെയ്യുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളൊഴികെയുള്ള എല്ലാ അവസരങ്ങളിലും ലഭിച്ച രശീത് ബുക്ക് പൂർണ്ണമായി ഉപയോഗിച്ച് തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ, പുതിയ രശീത് ബുക്ക് നൽകാൻ പാടില്ലാത്തതാണ്. പഴയ രശീത് ബുക്കിലെ പേജുകൾ ബാക്കിനിൽക്കെ, ആയത് ക്യാൻസൽ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ച ശേഷമേ പുതിയത് അനുവദിക്കാൻ പാടുള്ളൂ. രശീത് ബുക്കിലെ പേജുകൾ ഏതെങ്കിലും അവസരത്തിൽ ദുരുപയോഗം ചെയ്യപ്പെട്ടാൽ ഗ്രാമ പഞ്ചായത്തിന് അതിൽ ഉത്തരവാദിത്തമുണ്ടായിരിക്കുകയും ചെയ്യും.

2. രശീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ. രശീത് ബുക്ക് 35019 രശീത് നമ്പർ 66 മുതൽ 100 വരെ, രശീത് ബുക്ക് 35025 രശീത് നമ്പർ 47.

3. രശീത് ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് പേജ് നമ്പർ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ. രശീത് ബുക്ക് 35024, 45810, 45812, 45813, 45815.

4. രശീത് ബുക്ക് 45806 ലെ രശീത് നമ്പർ 67 ൽ വെട്ടും തിരുത്തും വരുത്തിയിട്ടുണ്ട്.

5. രശീത് ബുക്ക് 45808-ന്റെ കളക്ഷൻ രജിസ്റ്ററിൽ രശീത് നമ്പർ രേഖപ്പെടുത്തുന്നില്ല. ഉദാ. പേജ് നമ്പർ 21,22. മേൽ രശീത് ബുക്കിലെ രശീത് നമ്പർ 33,34,35 എന്നീ രശീതികൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടില്ല.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 7/13 -11-2020 ന് മറുപടി നൽകിയിട്ടില്ല.

# 1-13 വസ്തു നികുതി ഇളവുകൾ - അർഹത ഇല്ലാത്ത കാലയളവിൽ നികുതി ഇളവുകൾ നൽകി

1) 2011ലെ വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം കെട്ടിടം പൊളിച്ചുകളയുകയോ, നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടാവുന്ന വസ്തു നികുതി നൽകുവാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി, കെട്ടിടം പൊളിച്ചു കളഞ്ഞ അതേ അർദ്ധവർഷം മുതൽ തന്നെ നികുതി ഒഴിവാക്കിയതായി കാണുന്നു. ഉദാഹരണത്തിന് കെ.സുരേഷ് ബാബു(8/386), ഇസ്മയിൽ കൊട്ടിയാട്ടിൽ(10/323), കുഞ്ഞു ലക്ഷ്മി അമ്മ എന്നവർ യഥാക്രമം 30.06.18, 2.7.18, 2.7.18 തീയതികളിലാണ് പൊളിച്ചുകളഞ്ഞ വിവരം അറിയിച്ചത്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24.07.18 ലെ 2ാം നമ്പർ തീരുമാനപ്രകാരം 1.4.18 മുതൽ നികുതി ഒഴിവാക്കി നൽകി. ആയത് ശരിയല്ല.

2) വിമുക്ത ഭടൻമാർക്ക് നൽകിയ നികുതി ഇളവിനോടനുബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അപേക്ഷകളിൽ നിന്നോ, 'സഞ്ചയ'സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാക്കിയ രേഖകളിലോ, വാസഗൃഹത്തിന്റെ വിസ്തീർണം, നികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വിമുക്ത ഭടൻമാർക്ക് നൽകിയ നികുതി ഇളവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

3) വേക്കൻസി റമിഷൻ രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ നൽകിയ വസ്തു നികുതി ഇളവുകളുടെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിനു സാധിച്ചിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.19/18.11.20 )

# 1-14 വസ്തു നികുതി നിർണ്ണയം - അപാകതകൾ

1) താഴെച്ചേർക്കുന്ന കെട്ടിടനിർമ്മാണങ്ങൾ ക്രമവത്കരിച്ചതിനോടനുബന്ധിച്ച് കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 137(4) പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| കെട്ടിട നം | കെട്ടിട ഉടമ | ക്രമവത്കരിച്ച ഏരിയ |
|---|---|---|
| 15/678 | മോഹൻദാസ് & അനിത മോഹൻദാസ് | 32.75 ച.മീ വാണിജ്യം |

| | | |
|---|---|---|
| 3/631 | മോഹനൻ | 10.01 ച.മീ<br>വാസഗൃഹം |
| 7/608 | സെയ്തലവി, അലിക്കുട്ടി | 28.92ച.മീ<br>വാണിജ്യം |
| 14/590 | പ്രസിഡന്റ്, സെക്രട്ടറി നിള തണൽ ബാലാശ്രമം | 124.12 ച.മീ<br>മാതൃസദനം ഒന്നാംനില |
| 2/625,2/626 | അൻവർ.കെ.എം | 180.36 ച.മീ<br>വാണിജ്യം |
| 15/676 | അബ്ദുൾ ലത്തീഫ് & കദീജ ബീവി | 16.2 ച.മീ<br>വാണിജ്യം |
| 1/652 | മനോജ് കുമാർ | 134.08 ച.മീ.<br>വാണിജ്യം |
| 14/586 | പ്രസിഡന്റ്, സെക്രട്ടറി നിള തണൽ ബാലാശ്രമം | 97.02ച.മീ<br>മാതൃസദനം താഴത്തെനില |
| 14/585 | കുര്യാക്കോസ് എന്ന ആൻലി | 48.57 ച.മീ<br>വാണിജ്യം |
| 7/642 | രാധമ്മ മുതൽ പേർ | 177.9 ച.മീ<br>വാസഗൃഹം |

2) താഴെച്ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ ഫോമുകൾ പരിശോധിച്ചതിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരമുള്ള ഏരിയയിലും കുറവ് ഏരിയക്ക് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നതായി കാണുന്നു.

| കെട്ടിടനം | ഉടമസ്ഥൻ | രേഖകൾ പ്രകാരം തറ വിസ്തീർണം (ച.മീ) | നികുതി നിർണ്ണയിച്ച തറ വിസ്തീർണം (ച.മീ) | പരിശോധിച്ച രേഖകൾ |
|---|---|---|---|---|
| 2/618 | ഹരീന്ദ്രൻ.എസ് | 256.19<br>വാസഗൃഹം | 246.84 | ക്രമവത്കരണ അപേക്ഷ, കംപ്ലീഷൻ പ്ലാൻ |
| 7/608 | സെയ്തലവി, | 28.92 | 23.12 | കംപ്ലീഷൻ |

| | | | | |
|---|---|---|---|---|
| | അലിക്കുട്ടി | വാണിജ്യം | | പ്ലാൻ |
| 14/586 | പ്രസിഡന്റ്, സെക്രട്ടറി നിള തണൽ ബാലാശ്രമം | 722.42 മാതൃസദനം | 679 | കംപ്ലീഷൻ പ്ലാൻ |
| 15/664 | മഞ്ജുമോൾ, താണിക്കത്തൊടി | 212.58 വാസഗൃഹം | 212.08 | കംപ്ലീഷൻ പ്ലാൻ |

വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതും, ആവശ്യമെങ്കിൽ നികുതി പുന:നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

3) പഞ്ചായത്തിൽ നിലവിലുള്ള 9 മൊബൈൽ ടവറുകളിൽ ബി.എസ്.എൻ.എൽ ടവർ(നം.9/16), റിലയൻസ് മൊബൈൽ ടവർ എന്നിവക്ക് 17-18, 18-19 വർഷങ്ങളിലായി യഥാക്രമം 26,273/-, 34,650/- രൂപ കുടിശ്ശിക ഉണ്ട്. ആയത് ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. തുടർ നടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 19/18.11.20 )

# 1-15 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 പ്രകാരം ഓരോ ഗ്രാമ പഞ്ചായത്ത് പ്രദേശത്തും ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ജോലി/ ബിസിനസ് ചെയ്യുന്നവരോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ നിർണ്ണയിക്കപ്പെട്ട പരമാവധി നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന വ്യക്തികൾ /സ്ഥാപനങ്ങളിൽ നിന്നും മേൽ വകുപ്പ് പ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ടി വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) താഴെ പറയുന്ന സ്ഥാപനങ്ങൾ 2018-19 വർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | മായന്നൂർ ക്ഷീരോത്പാദക സഹകരണ സംഘം |
| 2 | ബി.എസ്.എൻ എൽ |
| 3 | ഡി.ജെ.പ്ലാന്റേഷൻ |
| 4 | മാതാ പ്ലാന്റേഷൻ |
| 5. | കോലഞ്ചേരി പ്ലാന്റേഷൻ |
| 6 | കെ.എസ്.ഇ.ബി കളക്ഷൻ സെന്റർ കൊണ്ടാഴി |

| | |
|---|---|
| 7 | കാർഷികേതര സഹകരണ സംഘം, കൊണ്ടാഴി |
| 8 | ക്ഷീരോത്പാദക സഹകരണ സംഘം, കൊണ്ടാഴി |
| 9 | ക്ഷീരോത്പാദക സഹകരണ സംഘം, കൊണ്ടാഴി സൗത്ത് |
| 10 | മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 11 | കെ.എം ഫ്യൂവൽസ്, മായന്നൂർ |
| 12 | ശാസ്ത്രാ ട്യൂഷൻ സെന്റർ മായന്നൂർ |
| 13 | സെക്രട്ടറി, ചേലക്കോട് ക്ഷീരോത്പാദക സഹകരണ സംഘം |
| 14 | അക്ഷയ ഹോളോബ്രിക്സ്, കൊണ്ടാഴി |
| 15 | മാവേലി സ്റ്റോർ കൊണ്ടാഴി |

2) മേൽ സ്ഥാപനങ്ങളിൽ ക്രമ നം 8 മുതൽ 13 വരെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. കൂടാതെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1. | പോസ്റ്റ് ഓഫീസ്, ചേലക്കോട് |
| 2. | ഖാദി ഗ്രാമോദ്യോഗ് ഭവൻ, മായന്നൂർ |
| 3. | പിഎൻവൈ സഭ ഫിനാൻസ് ലിമിറ്റഡ് |

3) താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുകാണുന്നു

| ജീവനക്കാരന്റെ പേര് | സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| നിർമ്മല എച്ച് എ ഗ്രേഡ് -2 | പിഎച്ച്സി കൊണ്ടാഴി | 128200 | 1250 | 1000 | 250 |
| തുഷാര.പി.എസ് ഓവർസിയർ ഗ്രേഡ് -2 | എൽ.എസ്.ജി.ഡി. സെക്ഷൻ കൊണ്ടാഴി | 131100 | 1250 | 1000 | 250 |

മേൽ പ്രകാരം തൊഴിൽ നികുതി അടവാക്കാത്ത /കുറവായി അടവാക്കിയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും കുടിശ്ശിക സഹിതം നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

4) 2018-19 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്ന 12 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

5)സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽനിന്നും ഒഴിവാക്കാൻ കഴിയില്ലായെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും, റേഷൻ ഷോപ്പുകളിൽ നിന്നും തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 11/16.11.20 )

## 1-16 കെട്ടിട വാടക ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസിന് വാടകയൊന്നും തന്നെ ഈടാക്കുന്നില്ല. മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന മുറിക്ക് 2012 – 2013 മുതൽ 799/- രൂപ നിരക്കിൽ വർദ്ധനവൊന്നും വരുത്താതെയാണ് വാടക ഈടാക്കി വരുന്നത്.

2017 ജൂലൈ മാസം മുതൽ 18 ശതമാനം ജി.എസ്.ടി (എസ്.ജി.എസ്.ടി. 9 ശതമാനം) യും, 2019 ആഗസ്റ്റ് മാസം മുതൽ ഒരു ശതമാനം പ്രളയ സെസും കൂടി – ഒരു മാസത്തെ GST 144 രൂപ. ആകെ 33 മാസത്തേക്ക് 33 x 44 = 4752 രൂപ, പ്രളയ സെസ് 2019 ആഗസ്റ്റ് മുതൽ മാർച്ച് 2020 വരെ 8 x 8 =64 രൂപ. ആകെ അടക്കേണ്ട തുക (കുടിശ്ശിക) 4752 + 64 = 4816 രൂപ.

മേൽ തുക എത്രയും പെട്ടെന്ന് അടവാക്കാനും, തുടർന്നുള്ള മാസങ്ങളിൽ 799 + 144 + 8 =951/- രൂപ വീതം അടവാക്കാനുമായി 22-10-2019 ന് ബി 2/5316/2019 നമ്പർ കത്ത് രജിസ്റ്റേഡ് ആയും, തുടർന്ന് 20-03-2020 ന് റിമൈൻഡർ കത്തും ഡിപ്പോ മാനേജർ, കേരള സിവിൽ സപ്ളൈസ് കോർപ്പറേഷൻ വടക്കാഞ്ചേരി താലൂക്ക് ഡിപ്പോ, വടക്കാഞ്ചേരി 680 623 ന് അയച്ചിട്ടുണ്ട്. എന്നാൽ തുടർന്നും പഴയ നിരക്കിൽ തന്നെയാണ് വാടക അടവാക്കി വരുന്നത്. മാവേലി സ്റ്റോറിന് നിലവിൽ ഈടാക്കുന്ന വാടകയിൽ വർദ്ധനവ് വരുത്തുന്നതിനും, കുടിശ്ശിക അടവാക്കുന്നതിനും, ഭരണ സമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം : 8/13-11-2020 ന് മറുപടി നൽകിയിട്ടില്ല. കെ.എസ്.ഇ.ബി. ഓഫീസ്, മാവേലി സ്റ്റോർ എന്നിവയ്ക്ക് വാടക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 വാട്ടർ ചാർജ്ജ് കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന തേക്കിൻകാട് – വാഴാട് കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നും 2018-2019 സാമ്പത്തിക വർഷം വരെ യഥാസമയം വെള്ളക്കരം പിരിച്ചെടുക്കാത്തതുകൊണ്ട് വാട്ടർ ചാർജ്ജ് ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു.

2018-2019 ലെ ഡിമാന്റ് – 7,64,265 കളക്ഷൻ – 2,68,180 ബാലൻസ് – 4,96,085

പ്രസ്തുത കുടിവെള്ള പദ്ധതിക്കുവേണ്ടി 2018–2019 വർഷത്തിൽ താഴെ കാണിച്ചിട്ടുള്ള പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവ് നടത്തിയിട്ടുണ്ട്.

| ചെലവിനം | | തുക |
|---|---|---|
| ഇലക്ട്രിസിറ്റി ചാർജ്ജ് | - | 134005 |
| മോട്ടോർ റിപ്പയറിംഗ് ചാർജ്ജ് | - | 15000 |
| പ്രൊജക്റ്റ് മെയിന്റനൻസ് ചാർജ്ജ് | - | 10000 |
| പമ്പ് ഓപ്പറേറ്റിംഗ് വേതനം | - | 69850 |

തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുമ്പോൾ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം പിരിച്ചെടുക്കാനും, കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയവുമായി ബന്ധപ്പെട്ട നടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണം : 9/13-11-2020 ന് മറുപടി ലഭിച്ചിട്ടില്ല.

## 1-18 ഫാക്ടറി വ്യാപാര ലൈസൻസ് - അപാകതകൾ

31-01-2017 ലെ സ.ഉ.(സാധാ) നം.80/2017/ത.സ്വ.ഭ.വ. പ്രകാരം ഡി.&ഒ. ലൈസൻസ് എന്നത് FTEAOS

ലൈസൻസ് എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടതിന് 31-10-2017 മുതൽ പ്രാബല്യമുണ്ട്. മേൽ സൂചിപ്പിച്ച ഭേദഗതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് തുക, ലൈസൻസിന്റെ മാതൃക എന്നിവ പുതുക്കേണ്ടതാണ്. വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

2018-2019 വർഷത്തിൽ ലൈസൻസുകളെല്ലാം പഴയ മാതൃകയിലാണ് നൽകിയിട്ടുള്ളത്. അപേക്ഷയിലോ, അനുബന്ധ രേഖകളിലോ, പരിശോധനാ റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 2018-2019 സാമ്പത്തിക വർഷത്തിൽ 251 അപേക്ഷകരിൽ നിന്നായി ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളത് ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്കിലല്ല. ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് സംബന്ധിച്ച് ഭരണ സമിതി തീരുമാനമെടുക്കേണ്ടതും, പുതുക്കിയ നിരക്ക് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം : 35/19-11-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-19 റേഷൻ കടകൾക്ക് ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്

പഞ്ചായത്ത് ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും റേഷൻ കടകൾക്ക് ലൈസൻസ്, ലൈസൻസ് ഫീ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019 ലെ (സി.എസ്.) എ/764/2019 നം. കത്ത് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ നിന്നും, ഒഴിവാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം : 24/17-11-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-20 കെട്ടിട നിർമ്മാണ പെർമിറ്റുകൾ - അപാകതകൾ

കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിച്ചതിനോടനുബന്ധിച്ച് താഴെപറയുന്ന അപാകതകൾ കാണുന്നു.

1) സണ്ണി എന്നവർക്ക് സർവ്വേ നം.383/3 ൽ 1.91 ആർ സ്ഥലത്തിന്റെ ഭൂവികസനത്തിനായി 250/ആർ എന്ന നിരക്കിൽ 478 രൂപ ഈടാക്കി പെർമിറ്റ് (നം.Clerk-BA(26078)/2019 dtd.16.10.2018) അനുവദിച്ചു. എന്നാൽ അപേക്ഷ പ്രകാരം 30.35 ആർ സ്ഥലത്തിന്റെ ഭൂവികസനത്തിനായിരുന്നു അപേക്ഷിച്ചത്. അപേക്ഷയിൽ നിന്നും വ്യത്യസ്തമായി കെട്ടിട നിർമ്മാണ അനുമതി നൽകിയതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കേണ്ടതാണ്. കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

2) മുഹമ്മദ് ഷാഹിദ് & സൈനബ എന്നവരുടെ പേരിലുള്ള 40.ച.മീ വാസഗൃഹത്തിനോട് ചേർന്ന് 61.ച.മീ കൂട്ടിച്ചേർക്കൽ. (പൂർത്തീകരണ പ്ലാൻ പ്രകാരം താഴത്തെ നില -54.84 ച.മീ, ഒന്നാം നില -46.16 ആകെ 101 ച.മീ). ഈടാക്കേണ്ട ക്രമവത്കരണ ഫീസ് 61x2x3=366 രൂപ. എന്നാൽ 227 രൂപ മാത്രമാണ് ഈടാക്കിയത്. കുറവു വന്ന തുക ഈടാക്കേണ്ടതാണ്.

3) കെട്ടിട നം.3/654 – ഉണ്ണികൃഷ്ണൻ എന്നയാളുടെ നിലവിലുള്ള വാസഗൃഹത്തിനോട് ചേർന്ന് 16.ച.മീ വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണം. ക്രമ വത്കരണ ഫീസ് അടവാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4)ഡെവലപ്മെന്റ് പെർമിറ്റുകൾ അനുവദിച്ചതിനോടനുബന്ധിച്ച നോട്ട് ഫയലുകളിൽ മൈനിങ്ങ് & ജിയോളജി വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതാണെന്നും ഡവലപ്മെന്റ് പൂർത്തിയാക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾ നിർദ്ദേശിച്ചിരുന്നു. എന്നാൽ പെർമിറ്റുകളിൽ ഈ വ്യവസ്ഥകൾ രേഖപ്പെടുത്തുന്നില്ല.

5.താഴെ പറയുന്ന പെർമിറ്റ് ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പെർമിറ്റ് ഹോൾഡർ | കെട്ടിടത്തിന്റെ തരം |
|---|---|
| റിലയൻസ് ജിയോ ഇൻഫോകോം | മൊബൈൽ ടവർ |
| മനോജ് തോമസ് | തീയറ്റർ ആൾട്ടറേഷൻ |

# 1-21 കളക്ഷൻചാർജ് - തനതു വരുമാനമാക്കാവുന്നതാണ്

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം(സെൻട്രൽ നിയമം) വകുപ്പുകൾ 3(1), (2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനത്തിൽ കുറയാത്ത തുക ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. വകുപ്പ് 3(3) അനുസരിച്ച് ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. അസിസ്റ്റന്റ്എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി 2018-2019 വർഷം ഇപ്രകാരം ബോർഡിലേക്ക് ബില്ലുകളിൽ നിന്നും ഈടാക്കി അടവാക്കിയ ആകെ തുകയായ 1,44,819/- രൂപയുടെ 1% കളക്ഷൻചാർജ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ലാത്തതാണ്. ആയത് ബോർഡിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-22 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ, സർക്കാർ ഉത്തരവ് ആർ.ടി.3379/2004/എച്ച്&എഫ്.ഡബ്ല്യൂ.സി, തിയതി 3.12.2004 എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ സമയബന്ധിതമായി എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. ആയതിനാൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങൾ (അലോപ്പതി, ആയുർവേദം, ഹോമിയോ) സമയബന്ധിതമായി എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതും ഇല്ലെങ്കിൽ നാളിതുവരെയുള്ള കണക്കുകൾ വർഷം തിരിച്ച് ഓഡിറ്റിന് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.3/9.11.20)

## 1-23 ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണ കുടിശിക വിതരണം ചെയ്തതിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

തനത് ഫണ്ടിൽ നിന്നും, 26.03.2018 ലെ ജി.ഒ.(പി)50/2018/ഫിൻ സർക്കാർ ഉത്തരവുപ്രകാരം 2014-ലെ ശമ്പള പരിഷ്കരണത്തിന്റെ 3-ാം ഗഡു, വൗച്ചർനം. 21800275 തി.26.07.18 തുക:₹1,03,774/- പ്രകാരവും, 16-09-2018 ലെ ജി.ഒ.(പി)146/2018/ഫിൻ സർക്കാർ ഉത്തരവു പ്രകാരം 2014-ലെ ശമ്പള പരിഷ്കരണത്തിന്റെ 4-ാം ഗഡു, വൗച്ചർനം.21800469/16.10.2018 തുക ₹1,14,814/-, വൗച്ചർ നം.21800611/01.12.2018 തുക ₹26,374/- എന്നിവ പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. എന്നാൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

(ഓഡിറ്റ് എൻക്വയറി നം. 31/19.11.20-മറുപടി ലഭിച്ചില്ല)

## 1-24 അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന കാലയളവിലെ ശമ്പളം അനുവദിച്ചു

തനത് ഫണ്ട് വൗച്ചർ നം.21800502/24.10.2018 തുക:₹10,327/- & 1800513/15.11.2018 തുക:₹8,049/-

13.03.2018 മുതൽ28.11.2018 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്ത ശ്രീ.രഞ്ജൻ.എം.ആർ, സീനിയർ ക്ലാർക്ക് അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത 14.09.18 മുതൽ 24.09.18 വരെയും, 23.09.18 മുതൽ 04.10.18 വരെയുമുള്ള സർവ്വീസ് കാലയളവ് ക്രമീകരിച്ചത് സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തൃശ്ശൂർ ജില്ലാ കാര്യാലയം ഡെപ്യൂട്ടി ഡയറക്ടറുടെ 17.05.2019ലെ കെ.എസ്.എ.ടി.എസ്.ആർ(പെൻ-1) 25/2019 നമ്പർ കത്തുപ്രകാരം ആരാഞ്ഞിരുന്നതാണ്. ആയത് ക്രമീകരിച്ചതിന്റെ രേഖകൾ നാളിതുവരെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 30.10.2018ലെ ബി-1/1819/2018 നമ്പർ ഉത്തരവു പ്രകാരം ശ്രീ.രഞ്ജന്, 2014ലെ ശമ്പള പരിഷ്കരണം അനുവദിക്കുകയും മേൽ പറഞ്ഞ വൗച്ചറുകൾ പ്രകാരം ശമ്പള കുടിശ്ശികയും വാർഷിക വർദ്ധനവിന്റെ കുടിശ്ശികയും അനുവദിച്ചിട്ടുള്ളതുമാണ്. 14.09.18 മുതൽ 24.09.18 വരെയും, 23.09.18 മുതൽ 04.10.18 വരെയും സർവ്വീസ് കാലയളവ് ക്രമീകരിച്ചത് സംബന്ധിച്ചതിന്റെയും, ആയത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ സേവനപുസ്തകത്തിൽ വരുത്തിയതിന്റെയും രേഖകൾ ഹാജരാക്കുന്നതു വരെ മേൽ പറഞ്ഞ വൗച്ചറുകൾ പ്രകാരം നടത്തിയ ₹18,376/- രൂപയുടെ ചെലവുകൾ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-25 ഇൻകം ടാക്സ് ഫയലിംഗ് - ലേറ്റ് ഫീ അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

തനത് ഫണ്ട്, വൗച്ചർ നം.21800523/15.11.2018 തുക ₹11,140/-

ജീവനക്കാരുടെ ആദായ നികുതി അടവാക്കിയതിൽ കുറവു വന്ന ₹2000/- രൂപ അടവാക്കാത്തതിനും ആയത് കൃത്യസമയത്ത് റിട്ടേൺ ഫയൽ ചെയ്യാത്തതിനാലും 1961 ആദായനികുതി നിയമം സെക്ഷൻ 200 പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ച 20.07.18 ലെ TDS/1718/24Q/D/10030100478 നമ്പർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ലേറ്റ് ഫീ ആയി മേൽ പറഞ്ഞ വൗച്ചർ പ്രകാരം ₹11,140/- രൂപ അടവാക്കിയതായിട്ടുള്ളതാണ്. എന്നാൽ തുക അടവാക്കിയതിന്റെ ചലാൻ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ആദായ നികുതി അടവാക്കിയതിന്റെയും, കുടിശിക വരുത്തിയ ജീവനക്കാരനിൽ നിന്ന് ആദായ നികുതി ഈടാക്കിയതിന്റെയും രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവു തുകയായ ₹11,140/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 31/19.11.20--മറുപടി ലഭിച്ചില്ല.)

# 1-26 ഓണം അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

തനത് ഫണ്ട് വൗച്ചർ നം.21800369/23.08.18 പ്രകാരം ജീവനക്കാർക്ക് 2018-19 വർഷത്തിൽ ഓണം അഡ്വാൻസ് വിതരണം നടത്തിയിട്ടുള്ളതാണ്. അഡ്വാൻസ് രജിസ്റ്റർ പേജ് നം.18 പ്രകാരം ശ്രീ.രഞ്ജൻ.എം.ആർ, സീനിയർ ക്ലാർക്കിന് ₹15,000/- ഓണം അഡ്വാൻസ് അനുവദിച്ചിട്ടുള്ളതും, ആയതിൽ ₹9,000/- മാത്രം തിരികെ അടവാക്കിയിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ബാക്കി ₹6,000/- തിരികെ അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഓണം അഡ്വാൻസ് സമയബന്ധിതമായി തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും പിഴ പലിശ സഹിതം തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 31/19.11.20-ന് മറുപടി ലഭിച്ചില്ല)

# 1-27 കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി യാത്രാബത്ത അനുവദിച്ചു

വൗച്ചർ നം.21800475/24.10.2018 പ്രകാരം എൻ.ആർ.ഇ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീമതി.ഐശ്വര്യ.എം.ഹേമന് 2017 നവംബർ മുതൽ 2018 മെയ് വരെയുള്ള കാലയളവിലെ യാത്രാബത്തയായി ₹7,000/- അനുവദിച്ചിട്ടുള്ളതാണ്. ടി.എ. ക്ലയിം രേഖകൾ പ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ഓഫീസ് മുതൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വരെയുള്ള യാത്രയ്ക്ക് 19 കിലോമീറ്റർ ദൂരമാണ് കാണിച്ചിരിക്കുന്നത്. കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ഓഫീസ് മുതൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വരെ ആകെ 8 കിലോമീറ്ററിൽ താഴെ ദൂരം മാത്രമാണുള്ളത്. കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം-II, ചട്ടം -55 പ്രകാരം ഹെഡ് ക്വാർട്ടേഴ്സിന്റെ 8 കിലോമീറ്റർ പരിധിയ്ക്ക് പുറത്തുള്ള യാത്രകൾക്ക് മാത്രമാണ് കുറഞ്ഞ യാത്രബത്തയായി ഒരു ദിന ബത്ത അനുവദിക്കാവുന്നത്. അല്ലാത്ത പക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം-II, ചട്ടം-64ന താഴെയുള്ള കുറിപ്പ് 1 -ലെ വ്യവസ്ഥകൾ പ്രകാരം യഥാർത്ഥ ചെലവ് മാത്രമാണ് യാത്രാബത്തയായി അനുവദിക്കാവുന്നത്. എന്നാൽ ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി 06-11-17, 10-11-17, 18-11-17, 06-12-17, 19-12-17, 12-01-18, 13-01-18, 07-01-18, 19-01-18, 29-01-18, 31-01-18, 08-02-18, 14-03-18, 19-03-18, 04-04-18, 07-04-18, 20-04-18, 27-04-18, 02-05-18, 08-05-18, 18-05-18, 27-05-18 എന്നീ ദിവസങ്ങളിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ഓഫീസ് മുതൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വരെയുള്ള യാത്രയ്ക്ക് യാത്രബത്തയായി ₹250/- അനുവദിച്ചിരിക്കുന്നു. യാത്രബത്ത അനുവദിക്കുമ്പോൾ കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 31/19.11.20-ന് മറുപടി ലഭിച്ചില്ല.)

# 1-28 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടില്ല

പ്രോജക്റ്റ് – പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ (205/19)
നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ബിൽ നം 32/18-19, dt 22-2-19 തുക -65,625/-

ബിൽ നം 43/18-19, dt 26-3-19 തുക -34,375/-

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ ഫെബ്രുവരിയിലെ ബിൽ തുക 65,625 രൂപയും മാർച്ച് മാസത്തെ ബില്ലിലെ 34,375 രൂപയും അടവാക്കിയിട്ടുണ്ട്. അത് കൂടാതെ തനതു ഫണ്ടിൽ നിന്നും താഴെപറയും പ്രകാരം അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം, തിയ്യതി | തുക |
|---|---|
| 21800082/24-4-18 | 56438 |
| വൗച്ചർ നമ്പർ ലഭ്യമല്ല. ചെക്ക് നം 4368/31-5-18 | 56438 |
| വൗച്ചർ നമ്പർ ലഭ്യമല്ല. ചെക്ക് നം 4557/29-6-18 | 56438 |
| വൗച്ചർ നം 21800322/26-7-18 | 56438 |
| വൗച്ചർ നം 21800457/27-9-18 | 56438 |
| വൗച്ചർ നം 21800595/29-11-18 | 132563 |
| വൗച്ചർ നം 21800679/29-12-18 | 65635 |
| വൗച്ചർ നം 21800679/30- | 65625 |

| | |
|---|---|
| 1-19 | |
| വൗച്ചർ നം 21800983/25-3-19 | 65625 |

സെപ്റ്റംബർ മാസം വരെ 129 ടാപ്പുകളുടെ ബിൽ തുകയാണ് അടവാക്കിയിരുന്നത്. ആയതിനുശേഷം 150 ടാപ്പുകളുടെ കരം അടവാക്കുവാൻ ആരംഭിച്ചിട്ടുണ്ട്. പുതിയ ടാപ്പുകൾ എവിടെയെല്ലാമാണ് സ്ഥാപിച്ചതെന്ന വിവരം വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം ലഭ്യമല്ല. സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമെ ഫണ്ട് ചെലവഴിക്കുന്നുള്ളു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 1-29 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികളെ ഏല്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് തനതുഫണ്ടിൽ നിന്നും അടവാക്കുന്നുണ്ട്. സ.ഉ (സാധാ) നം 1275/2009 തി.30-5-19 പ്രകാരം പട്ടികജാതിക്കാർ ഒഴികെയുള്ളവർ ഗുണഭോക്താക്കളായുള്ള കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം, വാർഷിക അറ്റകുറ്റപ്പണി എന്നിവയും വൈദ്യുതി ചാർജ്ജ്, ഓപ്പറേറ്ററുടെ വേതനം, പമ്പ്, മോട്ടോർ എന്നിവയുടെ റിപ്പയർ ചെലവ് എന്നിവ ഗുണഭോക്തൃ കമ്മിറ്റിയെ ഏല്പിയ്ക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. തനതു ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലേക്കായി വൈദ്യുതി ചാർജ്ജ്, മെയിന്റനൻസ്, ഓപ്പറേറ്റർമാരുടെ വേതനം എന്നീ ഇനങ്ങളിൽ മാസം തോറും തുക പഞ്ചായത്ത് ചെലവഴിച്ചതായി കാണുന്നു. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികളെ ഏല്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.21/18.11.18)

# 1-30 തനതു ഫണ്ട് വൗച്ചറുകൾ - രേഖകൾ ലഭ്യമാക്കേണ്ടതാണ്

1) വൗച്ചർ നം .21800048/18.04.18-23,000/- രൂപ

2016-17 സാമ്പത്തിക വർഷം 100ദിവസം തൊഴിൽ പൂർത്തീകരിച്ച 69 തൊഴിലാളികൾക്ക് 1000 രൂപ വീതം 30/08/17ന് ഉത്സവ ബത്ത നൽകിയതിൽ 23 പേരുടെ അക്കൗണ്ട് നംപർ തെറ്റായതിനാൽ 3/10/17 ന് ചേലക്കര എസ്.ബി.ഐ ലേക്ക് തിരികെ ക്രഡിറ്റ് ചെയ്തത് വീണ്ടും മേൽ വൗച്ചർ പ്രകാരം അനുവദിച്ചു. പ്രസ്തുത തുക തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് വരവു വെച്ചതിനോടനുബന്ധിച്ച രേഖകൾ, അനുബന്ധ ഉത്തരവ് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത ഗുണഭോക്താക്കളിൽ ഒരാളായ ശ്രീമതി.അമ്മിണി കോരൻ എന്നവർക്ക് മേൽപ്രകാരവും തുക കൈമാറാൻ സാധിക്കാത്തതിനാൽ വൗച്ചർ നം. 21800187/12.06.18 പ്രകാരം വീണ്ടും തുക അനുവദിച്ചിട്ടുണ്ട് .

2) വൗച്ചർ നം. 21800067/24.04.18-4,64,920/- രൂപ &

വൗച്ചർ നം. 21800068/24.04.18-2,80,669/- രൂപ

2017-18 ലെ പാലിന് സബ്സിഡി -സമഗ്ര ക്ഷീര വികസനം എന്ന പദ്ധതിക്ക് പഞ്ചായത്ത് വിഹിതം -400000 രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 100000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 15 ലക്ഷം രൂപയും ചേർന്ന് 2000000 രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക. ഇതിൽ നിന്നും 745589 രൂപ ട്രഷറിയിൽ നിന്നും മാറുന്നതിന് 13/03/18 ൽ 0253625 നമ്പർ ചെക്ക് നൽകി. തുക 500000 രൂപക്ക് മുകളിലായതിനാൽ ചെക്ക് വിഭജിച്ച് മേൽ രണ്ടു വൗച്ചറുകൾ പ്രകാരം താഴെ പറയുന്ന ക്ഷീരസംഘങ്ങൾക്ക് നൽകി.

| ക്ഷീരോത്പാദക സഹകരണ സംഘം | സബ്സിഡി തുക |
|---|---|
| കൊണ്ടാഴി | 66115 |
| ചേലക്കോട് | 40700 |
| മായന്നൂർ | 87766 |
| പാറമേൽപ്പടി | 551008 |

പദ്ധതി രേഖകൾ, മേൽ തുക ഗുണഭോക്താക്കൾക്ക് നൽകിയതിനോടനുബന്ധിച്ച ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3) 21800161/5.6.18-15000 രൂപ & 21800253/10.7.18- 10000 രൂപ

തേക്കിൻകാട് വാഴാട് കുടിവെള്ള പദ്ധതിയുടെ മോട്ടോർ തകരാർ പരിഹരിക്കുന്നതിനായി കരാറുകാരൻ ശ്രീ.മുരളീധരന് 15000 രൂപയും പ്രസിഡന്റിന് 10000 രൂപയും മേൽ വൗച്ചറുകൾ പ്രകാരം അഡ്വാൻസ് അനുവദിച്ചു. പ്രസ്തുത തകരാർ പരിഹരിച്ച് അഡ്വാൻസ് ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അനുബന്ധ ചെലവു രേഖകൾ സഹിതം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. ചെലവ് 25000 രൂപയിൽ അധികരിക്കുന്ന പക്ഷം ഓരോ ഗുണഭോക്താവിൽ നിന്നും 100 രൂപ വീതം പിരിച്ചെടുത്ത് മോട്ടോർ പ്രവർത്തന ക്ഷമമാക്കുന്നതിന് 8.5.18 ലെ 1/1 നംപർ പ്രകാരം, പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു .

(ഓഡിറ്റ് എൻക്വയറി നം. 28/19.11.20)

# 1-31 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവു രേഖകൾ ഹാജരാക്കിയില്ല.

ഫണ്ട് -150000/- (ശുചിത്വ മിഷൻ)

-75000/- (തനത് ഫണ്ട്)

വൗച്ചർനമ്പർ -(1) 21800187/12.06.18, 1,50,000/-

(2)21800188/12.06.18, 75,000/-

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികൾക്ക് മേൽ വൗച്ചറുകൾ പ്രകാരം 2,25,000/- (150000+75000) രൂപ നൽകിയിട്ടുണ്ട്. തുക വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികളുടെ കൺവീനർമാരുടെ അക്കൗണ്ടിലേക്ക് നൽകി കാണുന്നു. എന്നാൽ 1, 4, 5, 6, 8, 14 എന്നി വാർഡുകളിലെ ചെലവു വൗച്ചർ, പാസ്ബുക്ക്, എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നത് വരെ ഈ വാർഡുകൾക്കു നൽകിയ 90,000/- രൂപ (15000*6) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 സാമൂഹ്യക്ഷേമപെൻഷൻ രജിസ്റ്ററുകളിലെ അപാകതകൾ

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ദേശീയ വികലാംഗ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, ദേശീയ വിധവ പെൻഷൻ തുടങ്ങിയ ക്ഷേമ പെൻഷനുകളുടെ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിൽ നിരവധി അപാകതകൾ കാണുന്നു. ലഭിച്ച അപേക്ഷകൾ അന്വേഷണത്തിന് കൊടുത്തത്, തിരികെ ലഭിച്ചത്, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി-ഭരണ സമിതി തീരുമാനങ്ങൾ, എന്നു മുതലാണ് പെൻഷൻ അനുവദിച്ചത് എന്നിവ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ അപേക്ഷ ലഭിച്ച് സമയപരിധിക്കകം പെൻഷൻ അനുവദിച്ചിട്ടുണ്ടോ എന്ന് അറിയുന്നതിന് സാധിക്കുന്നില്ല. സ്ഥാപനത്തിൽ ലഭിച്ചതും അനുവദിച്ചതും നിരസിച്ചതും ആയ അപേക്ഷകളുടെ ഒരു രജിസ്റ്റർ ഫോറം 4 ൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം നിശ്ചിത ഫോറത്തിലുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വിവിധ തിയതികളിലെടുത്ത തീരുമാനത്തിൽ സാമൂഹ്യക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ അംഗീകരിച്ചതായും നിരസിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഉദാ. വികലാംഗ പെൻഷൻ രജിസ്റ്ററിൽ ക്രമനം. 184 മുതൽ 188 വരെ അംഗീകരിച്ചതായും നിരസിച്ചതായും രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ അപേക്ഷകർക്ക് പെൻഷൻ അനുവദിച്ചുവോ എന്ന് അറിയുന്നതിന് സാധിക്കുന്നില്ല. ഇക്കാര്യത്തിൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതും രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.15/17.11.20)

## 1-33 പ്രൊഡക്ഷൻ ബോണസ് വിതരണം -വിതരണം സംബന്ധിച്ച രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

ബിൽ നം-34/18-19 തി 23-3-19 -തുക 1,46,240/- (ബി ഫണ്ട്)

1) പഞ്ചായത്തിന്റെ വാർഷിക കണക്കു പ്രകാരം 160100325 എന്ന ശീർഷകത്തിൽ 212200 രൂപ വരവും അത്ര തന്നെ ചെലവും ശീർഷകം നം.254200126-ൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ മേൽ ബിൽ പ്രകാരം 142240 രൂപയുടെ ചെലവാണ് വന്നിട്ടുള്ളത്. രണ്ടാമത്തെ ബിൽ ആയ 51/18-19, 30-3-19 ന് സമർപ്പിച്ചുവെങ്കിലും ട്രഷറിയിൽ നിന്നും ഒബ്ജക്ഷൻ ആയതായാണ് രേഖപ്പെടുത്തി കാണുന്നത്. മേൽ ചെലവു ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ തുക ഡിസ്ട്രസ് റിലീഫ് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായാണ് കാണുന്നത്. ചെലവു രേഖകൾ പൂർണ്ണമായും ലഭ്യമാക്കുന്നതു വരെ 65,760/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-34 സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ - രേഖകൾ ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്റ്റുകളോടനുബന്ധിച്ചുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്ക്റ്റ് | സ്ഥാപനം | ട്രഷറി ബിൽ നം/ തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|
| സുശാന്തം വിഹിതം നൽകൽ (167/18-19) | സുശാന്തം സൊസൈറ്റി ഫോർ കെയർ ആൻറ് കംപാഷൻ | 15/18-19, 14-9-18, 50,000/- | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| ഐ.കെ.എം. വിഹിതം (2/18-19) | ഐ.കെ.എം | 6/18-19, 12-6-18, 77,768/- | വിനിയോഗ സാക്ഷ്യപത്രം |
| മാലിന്യ നിക്ഷേപം കണ്ടെത്തുന്നതിന് cctv ക്യാമറ സ്ഥാപിയ്ക്കൽ (204/19) | പി.ഡബ്ള്യു.ഡി ഇലക്ട്രോണിക് ഡിവിഷൻ | 2318693, 27-3-19, 119960/- | വിനിയോഗ സാക്ഷ്യപത്രം |
| pmay അധിക വിഹിതം (9/18-19) | പഴയന്നൂർ ബ്ളോക്ക് പഞ്ചായത്ത് | 5/18-19, 12-6-18, 150000/- | വിനിയോഗ സാക്ഷ്യപത്രം |
| pmay അധിക വിഹിതം (10/18-19) | പഴയന്നൂർ ബ്ളോക്ക് പഞ്ചായത്ത് | 5/18-19, 12-6-18, 700000/- | വിനിയോഗ സാക്ഷ്യപത്രം |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കും വരെ പി.ഡബ്ള്യു.ഡി ഇലക്ട്രോണിക് ഡിവിഷനു നൽകിയ 1,19,960/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. മറ്റ് സ്ഥാപനങ്ങൾക്ക് നൽകിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-35 സ്ട്രീറ്റ് ലൈറ്റ് സേവനം - സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണം

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ചാർജ്ജ് ആവശ്യത്തിലേക്കായി താഴെ പറയും പ്രകാരം തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക(രൂപ) |
|---|---|
| 21800020/11.04.18 | 19,802 |
| 21800021/11.04.18 | 6,428 |
| 21800126/17.05.18 | 19,802 |

| | |
|---|---|
| 21800127/17.05.18 | 6,196 |
| 21800210/21.06.18 | 5,322 |
| 21800211/21.06.18 | 19822 |
| 21800226/26.06.18 | 3,702 |
| 21800249/05.07.18 | 19,868 |
| 21800265/10.07.18 | 5,971 |
| 21800360/10.08.18 | 22,151 |
| 21800437/11.09.18 | 23,031 |
| 21800486/16.10.18 | 24,922 |
| 21800574/26.11.18 | 24,940 |
| 21800642/10.12.18 | 4,538 |
| 21800666/18.12.18 | 20,588 |
| 21800714/10.01.19 | 20,554 |
| 21800716/10.01.19 | 5,438 |
| 21800814/12.02.19 | 6,748 |
| 21800815/12.02.19 | 19,836 |
| 21800882/11.03.19 | 19,816 |
| 21800883/11.03.19 | 5,884 |
| ആകെ | 3,05,359 |

ഇതിനുപുറമേ തെരുവു വിളക്കുകൾ അറ്റകുറ്റപണി നടത്തുന്നതിന് പ്രോജക്ട് നം.112/19 പ്രകാരം ₹ 1,53,123 ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും (വൗച്ചർ നം.2180011339/22.03.19 ) പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. 2018-19ൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഇനത്തിലെ ആകെ പിരിവ് 26.13 ലക്ഷത്തോളം രൂപയാണ്. അതായത്, വസ്തുനികുതി ഇനത്തിലെ ആകെ പിരിവിന്റെ 17.55% ൽ കൂടുതൽ തുക സ്ട്രീറ്റ് ലൈറ്റ് സേവന ആവശ്യത്തിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് സ്ട്രീറ്റ് ലൈറ്റിന്റെ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്തുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ സ്ട്രീറ്റ് ലൈറ്റ് സേവനം ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നം. 29/19.11.20-ന് മറുപടി ലഭിച്ചില്ല.)

# 1-36 തുടർ സാക്ഷരത പ്രവർത്തനം- രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

പ്രോജക്റ്റ് - തുടർ സാക്ഷരത പ്രവർത്തനം

ബിൽ നം- 8/18-19, 20-12-18 - തുക 23,250/-

ബിൽ നം- 11/18-19, 25-2-19- തുക 18,850/-

നിർവഹണോദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ

മേൽ പദ്ധതി പ്രകാരം എട്ട് ഹയർ സെക്കന്ററി തുല്യത വിദ്യാർത്ഥികൾക്കും പതിനാല് പത്താം തരം തുല്യത വിദ്യാർത്ഥികൾക്കും ഉള്ള കോഴ്സ് ഫീ അടവാക്കിയിട്ടുണ്ട്. ആയതിൽ ഹയർ സെക്കന്ററി വിഭാഗത്തിലെ സീനത്ത്, വിജയകുമാരി എന്നീ പഠിതാക്കളുടെ പത്താം തരം പാസ്സായതിന്റെ രേഖകൾ ഫയലില്ല. പരീക്ഷയുടെ ഹാൾ ടിക്കറ്റ് മാത്രമാണ് ലഭ്യമായിട്ടുള്ളത്. അറ്റൻറൻസ് രജിസ്റ്റർ, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കും വരെയും ചെലവു തുക 4400/- രൂപ തടസ്സത്തിൽ വക്കുന്നു.

# 1-37 പഠനമുറി നിർമ്മാണം - രേഖകൾ ഹാജരാക്കിയില്ല

പ്രോജക്റ്റ് – SC വിദ്യാർത്ഥികൾക്ക് പഠനമുറി

ബിൽ നം- 9/18-19, 15-1-19 - തുക 2,50,000/-

നിർവഹണോദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ

മേൽ പദ്ധതി പ്രകാരം അഞ്ച് SC വിദ്യാർഥികൾക്ക് പഠനമുറിയ്ക്കായി 50,000 രൂപ വീതം ആദ്യ ഗഡുവായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന രേഖകൾ ഫയലിൽ ഇല്ല.

| വിദ്യാർഥികളുടെ പേര് | ഹാജരാക്കാത്ത രേഖ |
|---|---|
| ആദിത്യ, ഭ്രദാൻ കോളനി | നിലവിലുള്ള വീടിന്റെ വലുപ്പം കാണിയ്ക്കുന്ന രേഖകൾ, noc, പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ്, പ്രോജക്റ്റ് |
| ഹർഷ, കോലക്കാട്ടുകുണ്ടിൽ | പഠനമുറി നിർമ്മാണത്തിനുള്ള noc, പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ്, പ്രോജക്റ്റ് |
| ശരണ്യ.പി.കെ. പ്ളാപാടത്തിൽ വീട് | നിലവിലുള്ള വീടിന്റെ വലുപ്പം കാണിയ്ക്കുന്ന രേഖകൾ, noc, പഠനമുറിനിർമ്മാണംപൂർത്തീകരിച്ചതിന്റെ രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ്, പ്രോജക്റ്റ് |
| മിഥില, കാഞ്ഞ്ങാട്ട് പടി | നിലവിലുള്ള വീടിന്റെ വലുപ്പം കാണിയ്ക്കുന്ന രേഖകൾ, noc, പഠനമുറിനിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഗുണഭോക്തൃ ലിസ്റ്റ്, പ്രോജക്റ്റ് |
| അമൃത.സി.ബി, ചോപ്പാൻ കോളനി | noc, പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഗുണഭോക്തൃ ലിസ്റ്റ്, പ്രോജക്റ്റ് |

രേഖകൾ ഹാജരാക്കും വരെയും ചെലവു തുക 2,50,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-38 TDS ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

കേന്ദ്ര സർക്കാറിന്റെ 14.9.18 ലെ 65/39/2018-DOR നം സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തികളിൽ 1.10.2018 മുതൽ കരാറുകാർക്ക് അനുവദിക്കുന്ന പേമെന്റുകളിൽ നിന്നും ജി.എസ്.ടി.യിന്മേൽ 2% TDS ഈടാക്കേണ്ടതാണ്. താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ പേമെന്റ് നടത്തിയിട്ടുള്ളത് 1.10.18 ന് ശേഷമാണെങ്കിലും 2% TDS ഈടാക്കിയിട്ടില്ല.

| ക്രമനം. | പ്രോജക്റ്റ് നം, പ്രോജക്റ്റിന്റെ പേര്, കരാർ നംപർ | തുക | ബിൽ നം. തിയതി | TDS കുറവ് ചെയ്യേണ്ടത് |
|---|---|---|---|---|
| 1 | വനിത തൊഴിൽ യൂണിറ്റ് വർക്ക് ഷെഡ് പൂർത്തീകരണം (149/19) 40/17-18, 13.3.18 | 526186 | 15/18-19 15.10.18, 16/18-19 15.10.18 | 5262 |
| 2 | പഴയ കോളനി റോഡ് കോൺക്രീറ്റിംഗ് (147/19) | 254873 | 17/18-19 15.10.18 | 2549 |

2% TDSഈടാക്കാതിരുന്നതിന് കാരണം വിശദീകരിക്കേണ്ടതും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം 17/17.11.20)

## 1-39 കരാർ ഉടമ്പടിയിൽ ഏർപ്പെട്ടതിന് ശേഷം നടപ്പാകാത്ത പ്രോജക്ടുകൾ - തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്

2018-19 വർഷം ടെണ്ടർ വിളിച്ച് കരാർ ഉടമ്പടിയിൽ ഏർപ്പെട്ട താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. പ്രവൃത്തികൾ ഉപേക്ഷിച്ചതായാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സിലോ, ഭരണസമിതി മിനുട്സിലോ ഈ പ്രവൃത്തികൾ ഉപേക്ഷിച്ചതായി രേഖപ്പെടുത്തി കാണുന്നില്ല.

| ക്രമ നം. | കരാർ നംപർ, തീയതി | പ്രവൃത്തിയുടെ പേര് | അടങ്കൽ | കരാറുകാരൻ |
|---|---|---|---|---|
| 1 | 33/18-19, | കണ്ടംചിറപ്പടി | 300000 | റിജോ.വി.ജെ |

| | | | | |
|---|---|---|---|---|
| | 1.10.18 | റോഡ് കോൺക്രീറ്റിംഗ് (44/19) | | |
| 2 | 43/18-19, 6.10.18 | ചെമ്മഴിപ്പടി കുടിവെള്ള പദ്ധതി (99/19) | 100000 | ടി.എൻ.മുരളീധരൻ |
| 3 | 21/18-19, 3.9.18 | കീർത്തിക്കുണ്ട് കുടിവെള്ള പദ്ധതി (99/19) | 400000 | ടി.എൻ.മുരളീധരൻ |

2012 ലെ പി. ഡബ്ള്യൂ. ഡി മാന്വൽ സെക്ഷൻ 2102.1 പ്രകാരം കരാറിൽ ഏർപ്പെട്ട് 10 ദിവസത്തിനകം കരാറുകാരൻ സൈറ്റ് ഏറ്റെടുക്കേണ്ടതും പ്രവൃത്തി ആരംഭിക്കേണ്ടതും ആണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണവും തുടർ നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.16/17.11.20)

# 1-40 ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

13.4.18 ലെ 9(2) തീരുമാനത്തിൽ പല ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നും ആസ്തികൾ തിട്ടപ്പെടുത്തി കാലികമായ മാറ്റങ്ങൾ വരുത്തി ആസ്തി രജിസ്റ്റർ നവീകരിക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായും കാണുന്നു. കൂടാതെ പഞ്ചായത്ത് ഡയറക്ടറുടെ 2.8.18ലെ ജെ/22652/18 നം സർക്കുലർ പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ആസ്തി പരിപാലന സമിതി രൂപീകരിച്ചതായി 5.9.18 ലെ 13(1) പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലിരുന്നതും എന്നാൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതുമായ ആസ്തികൾ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനും കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിക്കുന്നതിനും അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായി കാണുന്നു. ആയതിനാൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ മറുപടി നൽകേണ്ടതുമാണ് എന്ന കാണിച്ച ഓഡിറ്റ് എൻക്വയറി നം. 18/17.11.20 നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും തുടർ വിവരം അറിയിക്കേണ്ടതുമാണ്.

# 1-41 വിവിധ പ്രോജക്ടുകളുടെ പൂർത്തീകരണം - ലക്ഷ്യം കൈവരിച്ചിട്ടില്ല

എ) <u>വനിത തൊഴിൽ യൂണിറ്റ് വർക് ഷെഡ് പൂർത്തീകരണം (149/19)</u> – കൊപ്ര സംഭരിക്കുന്നതിനും സംസ്കരണം നടത്തുന്നതിനും വലിയ മെഷിനറികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2016-17 ൽ തുടങ്ങിയ മേൽ പ്രോജക്ടിന് 2018-19 ൽ 5,26,186/- രൂപ ചെലവഴിച്ചിട്ടുണ്ട്. (അളവുപുസ്തകം 110/17-18) എന്നാൽ പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല.

ബി) <u>മാലിന്യ സംസ്കരണ പ്ലാന്റ് (157/19)</u> – ഹരിതകേരളം പദ്ധതിയുടെ ഭാഗമായി മാലിന്യ സംസ്കരണത്തിന് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനും വിവിധ പദ്ധതികൾ അംഗീകാരം വാങ്ങിയതായി കാണുന്നു. (പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം.6.10.18ലെ 4.2). 31.12.18 ന് മുമ്പായി ജില്ലാ ശുചിത്വമിഷനിൽ നിന്നും ലഭിച്ച ഫണ്ടിന്റെ വിനിയോഗപത്രം ആവശ്യപ്പെട്ടതായും തീരുമാനത്തിൽ കാണുന്നു. ആയതിനാൽ മാലിന്യ സംസ്കരണ പ്ലാന്റ് അടിയന്തരമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികളും പ്ലാന്റ് ലക്ഷ്യപ്രാപ്തി കൈവരിച്ചുവോ

എന്ന് അറിയിക്കുവാനും ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതികൾ പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.19/17.11.20)

# 1-42 അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ തുക നീക്കിയിരിപ്പ്

പദ്ധതി നിർവ്വഹണം സംബന്ധിച്ച ആവശ്യങ്ങൾക്കായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ടി.യിൽ ഉള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.67207434335) 5.04.2014 ൽ 22,72,150/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. എന്നാൽ 5.4.14 തിയതിയിൽ ടി തുക 09858707093 എന്ന അക്കൗണ്ടിലേക്ക് മാറ്റിയിരിക്കുന്നതായി കാണുന്നു. എന്നാൽ പാസ് ബുക്കുകൾ/ബാങ്ക് സ്റ്റേറ്റ്മെന്റ് കാലികമാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അസി.എഞ്ചിനീയറുടെ പേരിൽ കാനറാ ബാങ്കിലെ അക്കൗണ്ടിൽ (അക്കൗണ്ട് നം.0801101060041) ലഭ്യമാക്കിയ ബാങ്ക് പാസ്ബുക്ക് പ്രകാരം 31/07/2013 ൽ 1,38,029/- രൂപ നീക്കിയിരിപ്പുണ്ട്.

മേൽ അക്കൗണ്ടുകൾ സംബന്ധിച്ച് താഴെ പറയുന്ന അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. പദ്ധതി നിർവ്വഹണത്തിനായി പിൻവലിച്ച ശേഷം ചെലവഴിക്കാതെ ഏതെങ്കിലും തുക മേൽ അക്കൗണ്ടുകളിൽ അവശേഷിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ പിൻവലിച്ച തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
2. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ബാധ്യതകളോ, ആദായ നികുതി, KCWWF, VAT മുതലായ റിക്കവറികളോ മേൽ അക്കൗണ്ടുകളിൽ നിന്നും നൽകുവാൻ അവശേഷിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.
3. പദ്ധതി നിർവ്വഹണത്തിനായി ആരംഭിച്ച മേൽ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് വിനിയോഗം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ടി അക്കൗണ്ടുകളിലെ ഇടപാടുകൾ പ്രത്യേകമായി രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-43 കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിട്ടില്ല

പ്രോജക്ട് - കാട്ടാളത്ത് കോളനി ടിവിഹാൾ ഫോറസ്റ്റ് ലിങ്ക് റോഡ് സൈഡ് കെട്ടൽ (46/19)

അടങ്കൽ - 400000

ചെലവ് - 3,26,803/- 72/18-19, 27.3.19

അളവുപുസ്തകം - 309/18-19, 313/18-19

മേൽ പ്രവൃത്തിയുടെ ഇനം 5 - filling available excavated earth ആണ്. ഇനം 1 ആയി കുഴിച്ചെടുത്ത മണ്ണ് 19.55m3 ലഭിച്ചിട്ടുണ്ട്. എന്നിരിക്കെ ഇനം 5 നടപ്പാക്കിയിട്ടില്ല. എന്നാൽ ഇനം 6 ആയി ഫില്ലിംഗിന് 39.81 m3 ക്വാറി മക്ക് ഉപയോഗിച്ചതായി കാണുന്നു. ഇവിടെയും കുഴിച്ചെടുത്ത മണ്ണ് 19.55m3 കുറവ് ചെയ്തിട്ടില്ല. അളവുപുസ്തകത്തിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലും വരുത്തിയിട്ടില്ല.

ആയതിനാൽ ഈ വിഷയത്തിൽ മറുപടി ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി നം.33/19.11.20 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 19.55m3 കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തതിനാൽ 19.55m3x891.95m3=17,438/- രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-44 കുഴൽ കിണർ നിർമ്മാണം - സൈറ്റ്

# ഇൻവെസ്റ്റിഗേഷന് നൽകിയ തുക കരാറുകാരന് നൽകിയത്

പ്രോജക്ട് - മാളിയംകുന്ന് കുഴൽ കിണർ നിർമ്മാണം(93/19)

കുഴൽ കിണർ നിർമ്മാണം(96/19)

ചെലവ് - 74/18-19, 27.3.19, 2,84,040/-

75/18-19, 27.3.19, 1,96,607/-

മേൽപറഞ്ഞ രണ്ട് പ്രോജക്ടുകൾക്കും സൈറ്റ് ഇൻവെസ്റ്റിഗേഷന് വേണ്ടി ഭൂജല വകുപ്പിന് തുക അടയ്ക്കുന്നതിനായി എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക ഫൈനൽ ബില്ല് പ്രകാരം നൽകിയിരിക്കുന്നത് കരാറുകാരനാണ്. എന്നാൽ കരാറുകാരൻ ഭൂജല വകുപ്പിലേയ്ക്ക് തുക നൽകിയതിന്റെ രസീതി ഹാജരാക്കിയിട്ടില്ല. ഭൂജലപര്യവേഷണത്തിന്റെ വിശദാംശങ്ങൾ ഭൂജല വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട് എങ്കിലും ഈയിനത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ടോ എന്നും വ്യക്തമല്ല. ആയതിനാൽ മേൽപറഞ്ഞ രണ്ട് പ്രോജക്ടുകളിൽ നിന്നും നാല് കുഴൽ കിണറുകളുടെ സ്ഥാനം കാണുന്നതിനായി കരാറുകാരന് നൽകിയ 7300/- (1850x3=5550+1750x1=1750) രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.34/19.11.20)

# 1-45 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വൃദ്ധർക്ക് ഊന്നുവടി വിതരണം

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നടത്തിപ്പിലെ അപാകതൾ സംബന്ധിച്ച പരാമർശം 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക:3-17ൽ ഉള്ളതാണ്. 2017-18 വർഷത്തിൽ 26/2018 നമ്പർ പ്രോജക്ടായി ഏറ്റെടുത്തു നടപ്പാക്കിയ പദ്ധതി, ആ വർഷം പൂർത്തീകരിക്കാനാകാത്തതിനാൽ 2018-19 വർഷത്തിൽ സ്പിൽ ഓവറായി 125/2019 നമ്പർ പ്രോജക്ടായി നിലാവ് വയോജന സൗഹൃദ ഗ്രാമപഞ്ചായത്ത് (വൃദ്ധർക്ക് കട്ടിൽ, ഊന്നുവടി) പദ്ധതിയിൽ (വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം) ഉൾപ്പെടുത്തുകയാണുണ്ടായത്. 2017-18 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 80/17 ത.സ്വ.ഭ.വ തിയതി.3.4.17 ഖണ്ഡിക 12.4 പ്രകാരം വൃദ്ധർക്ക് മരുന്നുകിറ്റ്, ഊന്നുവടി, കസേര എന്നിവയ്ക്ക് സബ്സിഡി നൽകൽ അനുവദനീയമല്ല. 2018-19 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 22/18 ത.സ്വ.ഭ.വ തിയതി.14.02.2018 ഖണ്ഡിക 7.5.3.4 പ്രകാരവും ഇവ അനുവദനീയമല്ലെന്ന് പരാമർശിച്ചിട്ടുള്ളതാണ്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഊന്നുവടി എന്ന ഘടകം പദ്ധതിയിൽ ഉൾപ്പെടുത്തുകയും, ₹88,200/- (വൗച്ചർ നം.21800617/16.05.18) വിതരണക്കാരനായ കെ.പി.എം. സ്റ്റോഴ്സ്, ടി.ബി. റോഡ് ചെർപ്പുള്ളശ്ശേരി എന്ന സ്ഥാപനത്തിന് (ഹാജരാക്കിയ ബിൽ നം.91/28.03.2018 ) അനുവദിച്ച നല്കിയിട്ടുള്ളതുമാണ്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി പണം വിനിയോഗിച്ചത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച ₹88,200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 30/19.11.20-ന് മറുപടി ലഭിച്ചില്ല.)

# 1-46 ആയൂർവേദ മരുന്ന് വാങ്ങൽ - മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല

പ്രോജക്ട് - ആയുർവേദ മരുന്ന് വാങ്ങൽ (5/19, 6/19)
ട്രഷറി ബിൽ നം. - 1/18 -19 dtd. 24.10.18. 4,00,000/-
2/18 -19 dtd. 24.10.18. 2,50,000/-
ഫണ്ട് - മെയിന്റൻസ് ഗ്രാന്റ് - റോഡിതരം

ആയുർവേദ ഡോക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽപറഞ്ഞ രണ്ട് പ്രോജക്ടുകൾക്ക് മരുന്ന് വാങ്ങുന്നതിനായി 6,50,000/- ഔഷധി എന്ന സ്ഥാപനത്തിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ യഥാസമയം ലഭിച്ചു കാണുന്നില്ല. ഔഷധിയുമായി മെഡിക്കൽ ഓഫീസർ കരാർ ചമച്ചതിൽ, 60 ദിവസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യുന്നതാണ് എന്നും അതിൽ വീഴ്ച വന്നാൽ എല്ലാ നഷ്ടങ്ങൾക്കും ഉത്തരവാദിയായിരിക്കുമെന്നും കമ്പനി സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. ആവശ്യമായ മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കി 1.6.2018 ന് ഇൻഡന്റ് സ്ഥാപനത്തിലേക്ക് അയച്ചിട്ടുള്ളതുമാണ്. എന്നാൽ മരുന്നുകൾ ലഭിച്ചത് 29.11.18, 20.12.18, 12.1.19, 19.3.19, 7.4.19, 13.4.19, 28.7.19, 8.9.19 തിയതികളിലാണ്. മരുന്നുകൾ യഥാസമയം, കരാറിൽ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-47 പാലിയേറ്റീവ് കെയർ പദ്ധതി -അപാകതകൾ

എ) പ്രോജക്ട് – പാലിയേറ്റീവ് കെയർ (109/19)
നിർവഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
ബിൽ നം- 21/2018 dt 15-6-18 തുക 65222
ബിൽ നം- 22/2018 dt 19-7-18 തുക 118076
ബിൽ നം -26/2018 dt 24-9-18 തുക 73656
ബിൽ നം-27/2018 dt 23-10-18 തുക 144672
ബിൽ നം-31/2018 dt 14-12-18 തുക 130212
ബിൽ നം-34/2018 dt 24-1-19 തുക 69135
നം- 2875027 dt 29-3-19 തുക 93210
നം- 2875028 dt 30-3-19 തുക 18700

പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പാലീയേറ്റീവ് കെയർ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ സർക്കാർ ഉത്തരവ് നം 3217/2015 തിയ്യതി.28-10-15 ഖണ്ഡിക 2-6-3 ൽ നിർദ്ദേശിച്ച പ്രകാരമല്ല ഹോം കെയർ റിപ്പോർട്ട് തയ്യാറാക്കിയിരിയ്ക്കുന്നത്.

2. വിവിധ ബില്ലുകളിൽ നിന്നായി രോഗികളെ ആശുപത്രികളിലേക്ക് കൊണ്ടുപോയതിന് വണ്ടി വാടക ഇനത്തിൽ മുഹമ്മദ് കുട്ടി എന്നവർക്ക് 74100 രൂപ നൽകിയതായി കാണുന്നു. സർക്കാർ ഉത്തരവ് നം. 3217/2015 തിയ്യതി 28-10-15 ഖണ്ഡിക 2-6-9 പ്രകാരം മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യപ്പെട്ട രോഗികളെ കൊണ്ട് പോകുന്നതിനാണ് പാലിയേറ്റീവ് കെയർ ഫണ്ട് ഉപയോഗിക്കാൻ അനുവദിക്കാൻ കഴിയുന്നത്. ഇപ്രകാരം രോഗികളെ മെഡിക്കൽ ഓഫീസർ റഫർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

3. മേൽ പദ്ധതി പ്രകാരം പാലിയേറ്റീവ് കെയറിൽ ഹോം കെയറിൽ പങ്കെടുത്തവർക്ക് ഭക്ഷണം വാങ്ങുന്നതിന് തുക ചെലവഴിച്ചതിന് പാലിയേറ്റീവ് കെയർ നഴ്സ് ശ്രീമതി സുഷമ എന്നവർക്ക് 44000 രൂപ നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയ രസീതി മാത്രമാണ് ഫയലിലുള്ളത്. അക്കൗണ്ട് വിശദാംശങ്ങൾ ഫയലിലില്ല. ബന്ധപ്പെട്ട ബില്ലുകൾ ഫയലിലില്ല.

4. പ്രോജക്റ്റ് പ്രകാരം തുക കൈപ്പറ്റിയ ആരുടേയും അക്കൗണ്ട് വിശദാംശങ്ങൾ ഫയലിലില്ല. മേൽ അപാകതകൾ സംബന്ധിച്ച എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കും വരെയും 1,18,100/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

ബി) പ്രോജക്റ്റ് – പാലിയേറ്റീവ് കെയർ 126/19 (സ്പിൽ ഓവർ)

ബിൽ നം-19/18-19 തി 19/6/18 തുക 9000/-

ബിൽ നം-20/18-19 തി 19/6/18 തുക 483/-

മേൽ പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതി സ്പിൽ ഓവറായി നടപ്പാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതി സ്പിൽ ഓവറാക്കുവാൻ പാടുള്ളതല്ല.

# 1-48 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

1) വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനയായ പ്രോജ്ക്റ്റ് നം.18/2019 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) പദ്ധതിപ്രകാരം കാലിത്തീറ്റ വിതരണം നടത്തിയിരുന്ന മായന്നൂർ ക്ഷീര സഹകരണ സംഘത്തിലെ വിതരണ രേഖകൾ പരിശോധിച്ചതിൽ പദ്ധതി ഗുണഭോക്താവായിരുന്ന ശ്രീ.വേലായുധൻ, പണ്ടാരംകുന്നത്ത് വീട് (TSR:57248) എന്നവർ കന്നുകുട്ടി ചത്തുപോയതിനാൽ, 12.08.2019 തിയ്യതി വരെ മാത്രമേ കാലീത്തീറ്റ കൈപ്പറ്റിയിട്ടുള്ളൂ. അധികം അടവാക്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-49 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കൊണ്ടാഴി സർക്കിൾ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

(എ) പ്രോജക്റ്റ് – വീട് വാസയോഗ്യമാക്കൽ (എസ് സി) (S0015/19)

പദ്ധതി അടങ്കൽ-1050000 (വികസന ഫണ്ട് എസ് സിപി)

ചെലവ് -4,20,000

ട്രഷറി ബിൽ നം.5/12.03.19-2,62,500

ട്രഷറി ബിൽ നം.7/18.03.19-1,57,500

പ്രേമ, മങ്ങാട്ടിളിപ്പടി എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം എസ്റ്റിമേറ്റ്, വരുമാന സാക്ഷ്യപത്രം, പട്ടികജാതി വികസന ഓഫീസിൽ നിന്നും മുൻപ് ഭവന പുനരുദ്ധാരണത്തിന് ധനസഹായം

ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം എന്നിവ ഇല്ല. പല അപേക്ഷകൾക്കൊപ്പവും വരുമാന സാക്ഷ്യപത്രം ഇല്ല. ഉദാഹരണത്തിന് സുബ്രഹ്മണ്യൻ, പഴയ കോളനി, കുമാരി മൂത്തേടത്ത് പടി.

(ബി) പ്രോജക്ട് - ലൈഫ് മിഷൻ -രണ്ടാം ഘട്ട ഭവന നിർമ്മാണം (എസ് സി)(S0014/19)

പദ്ധതി അടങ്കൽ-4400000

ചെലവ്-16,00,000

ട്രഷറി ബിൽ നം.1/30.08.18-80,000

ട്രഷറി ബിൽ നം.2/19.01.19-3,60,000

ട്രഷറി ബിൽ നം.3/19.01.19-1,60,000

ട്രഷറി ബിൽ നം.4/20.02.19-1,20,000

ട്രഷറി ബിൽ നം.6/20.02.19-1,00,000

ട്രഷറി ബിൽ നം.8/28.03.19-40,000

ട്രഷറി ബിൽ നം.9/28.03.19-7,40,000

കാളി എന്ന ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പൂർത്തീകരിച്ച് 4/20/യു.എ എന്ന നമ്പർ നൽകിയിട്ടുണ്ട്. ഇപ്രകാരം യു.എ നമ്പർ നൽകിയതെന്തുകൊണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14 തീ. 16.11.20 )

# 1-50 ലൈഫ് മിഷൻ- രണ്ടാം ഘട്ട ഭവന നിർമ്മാണം- കരാർ വ്യവസ്ഥകൾ പ്രകാരം അനുവദനീയമായതിലും അധികം വായ്പാ വിഹിതം അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ ചേലക്കോട് സർക്കിൾ

അടങ്കൽ -5360000

ചെലവ്-ട്രഷറി ബിൽ നം.1/21.07.18-16,80,000

ട്രഷറി ബിൽ നം.2/30.08.18-4,00,000

ട്രഷറി ബിൽ നം.3/31.12.18-1,20,000

ട്രഷറി ബിൽ നം.4/5.2.19-6,57,600

ജില്ലാ പഞ്ചായത്ത് വിഹിതം

ചെക്ക് നം.253632/30.11.18-19,20,000

ചെക്ക് നം.253636/30.11.18-4,895

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-

ചെക്ക് നം.253635/28.01.19-8,05,239

ഹഡ്കോ ലോൺ

5/1/19-1411000

14.02.19-4121266

14.02.19-2000000

14.03.19-2100000

19.03.19-400000

24.03.19-600000

29.03.19-1420000

29.03.19-100000

27/09/18 ൽ കൊണ്ടാഴി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി യും തമ്മിൽ ഉണ്ടാക്കിയ ലൈഫ് മിഷൻ പദ്ധതിക്കായുള്ള ഹഡ്കോ വായ്പ സംബന്ധിച്ച കരാർ ഉടമ്പടിയിലെ ഒന്നാമത്തെ വ്യവസ്ഥ പ്രകാരം ഒരു ഗുണഭോക്താവിന് 2.20 ലക്ഷം രൂപ നിരക്കിൽ കെ.യു.ആർ.ഡി.എഫ്.സി പഞ്ചായത്തിന് വായ്പ ലഭ്യമാക്കേണ്ടതാണ്. എന്നാൽ വായ്പ തുക ഗുണഭോക്താക്കൾക്ക് കൈമാറിയ രേഖകൾ (ബിൽ, വിതരണ രജിസ്റ്റർ) എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മേൽ കരാറിലെ വ്യവസ്ഥ 1 പ്രകാരമുള്ള നിരക്കിലും അധികരിച്ച് വായ്പ തുക കൈമാറിയിരിക്കുന്നു.

| ക്രമ നം | പേര് | 2018-19 ൽ അനുവദിച്ച തുക |
|---|---|---|
| 1. | കാർത്യായനി.കെ.ജി, w/o ഗോവിന്ദൻ | 360000 |
| 2. | ശ്രീജ, w/o നാരായണൻ | 360000 |
| 3. | ലീല, w/o രാമചന്ദ്രൻ | 260000 |
| 4. | സിന്ധു, w/o നാരായണൻ | 360000 |
| 5. | അംബുജാക്ഷി | 360000 |
| 6. | നിമ, w/o രമേഷ് | 260000 |
| 7 | സത്യഭാമ | 260000 |
| 8. | ഹംസവല്ലി, w/o സെന്തിൽകുമാർ | 260000 |
| 9. | സാലി, w/o ചാക്കോ | 260000 |
| 10 | പ്രമിത, w/o സുനിൽ | 360000 |
| 11 | ആമിനക്കുട്ടി | 260000 |
| 12. | വിജയലക്ഷ്മി | 360000 |
| 13. | സുജാത ഗോപി | 260000 |

| | | |
|---|---|---|
| 14 | സുനിത | 360000 |
| 15 | വിജയ, w/o കാശിനാഥൻ | 221266 |
| 16 | അജിത, w/o റെനി മാത്യു | 260000 |
| 17 | ദേവയാനി | 260000 |
| 18 | ഉഷ, w/o സത്യൻ | 260000 |
| 19 | ഷീല, w/o മുരളി | 360000 |
| 20 | ബിന്ദു, w/o നാരായൺകുട്ടി | 260000 |
| 21 | അച്യുത കുമാരൻ | 260000 |
| 22 | അനിത, w/o സേതു മാധവൻ | 260000 |
| 23 | കവിത, w/o രാമചന്ദ്രൻ | 260000 |
| 24 | രാജലക്ഷ്മി, w/o ശിവദാസൻ | 260000 |
| 25 | സിന്ധു, w/o ജോഷി തോമസ് | 360000 |
| 26 | ജാനകി, w/o മണി | 260000 |
| 27 | ജിഷ, w/o കൃഷ്ണൻ | 260000 |
| 28 | കാർത്യായനി | 260000 |
| 29 | സുജാത | 260000 |

മേൽ ഗുണഭോക്താക്കളിൽ പലരുടേയും ഭവന നിർമ്മാണം പൂർത്തീകരിച്ചത് 2019-20 ലാണ്. ഈ കാലയളവിൽ ഇവർക്ക് വായ്പ വഴി തുക അനുവദിച്ചതിന്റെ കണക്കുകൾ വ്യക്തമല്ല. മേൽ പ്രകാരം പല ഗുണഭോക്താക്കൾക്കും നിശ്ചയിക്കപ്പെട്ട നിരക്കിലും അധികം തുക നൽകിയതിന്റെ അടിസ്ഥാനത്തിൽ, അർഹമായതിലും അധികം നിരക്കിൽ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി വായ്പ തുക ചെലവഴിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഒരു ഗുണഭോക്താവിന് 2,20,000 രൂപ നിരക്കിൽ മാത്രമാണ് വായ്പ എടുത്തിട്ടുള്ളതെന്നും പ്രസ്തുത തുകയും ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതവും ചേർത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിൽ മാത്രമാണ് ഏറ്റക്കുറച്ചിലുകൾ വന്നിട്ടുള്ളതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. പദ്ധതിയോടനുബന്ധിച്ച് തയ്യാറാക്കപ്പെടുന്ന കരാർ വ്യവസ്ഥകളിൽ വീഴ്ച വരാതെ, അനുവദനീയമായ നിരക്കിൽ മാത്രം വിവിധ തരം ഫണ്ടുകൾ വകയിരുത്തുന്നതിനും, അർഹമായ നിരക്കിൽ മാത്രം ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിനും പദ്ധതി രൂപീകരിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2) പദ്ധതിയുടെ ഭാഗമായി വായ്പ ഇനത്തിൽ 1,21,52,266 രൂപ ഓഡിറ്റ് വർഷം പഞ്ചായത്ത് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി നൽകിയിട്ടുണ്ട്. ആയതിനോടനുബന്ധിച്ച ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .

3) ജാനകി w/o മണി എന്ന ഗുണഭോക്താവിന് നാളിതു വരെ 3,00,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ഇവർ ഇതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു ധനസഹായം കൈപ്പറ്റിയിട്ടില്ല.

# 1-51 ഒരേയിനം പ്രവൃത്തിക്ക് വിവിധ നിരക്ക് - മറുപടി ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതിയിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഫില്ലിംഗ് വിത്ത് ക്വാറി മക്ക് വിത്ത് ലോക്കൽ മെറ്റീരിയൽ എന്നയിനം പ്രവൃത്തിക്ക് ച.മീറ്ററിന് 1262.79 രൂപ നിരക്കാണ് നൽകി കാണുന്നത്. എന്നാൽ പി.ഡബ്ലിയു.ഡി മാന്വൽ 2013 ഖണ്ഡിക 51.2.3 പ്രകാരം മേൽ പ്രവൃത്തിക്ക് DSR നിരക്ക് പ്രകാരം അനുവദിക്കാവുന്ന നിരക്ക് ച.മീറ്ററിന് 891.95 രൂപയാണ്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന പൊതു മരാമത്ത് പ്രവൃത്തികളിൽ ഇതേയിനം പ്രവൃത്തിക്ക് 891.95 രൂപ നൽകുമ്പോൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉയർന്ന നിരക്ക് അനുവദിക്കുന്നത് ക്രമപ്രകാരമല്ല. 2018-19 ൽ നടപ്പാക്കിയ മുഴുവൻ പ്രവൃത്തികളിലും ഇപ്രകാരം അധികമായി തുക ചെലവഴിച്ചതായി കാണുന്നു.

ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അളവ് പുസ്തക നം. | ചെയ്ത അളവ് (ച.മീറ്റർ) | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | വെള്ളത്തേടത്ത് പാറ – അന്തിമഹാകാളൻകാവ് റോഡ് കോൺക്രീറ്റിംഗ് | 234/18-19 | ഇനം2 27 ച.മീറ്റർ | 34,095 | 24,083 | 10,012 |
| 2 | ചങ്ങലത്ത് റോഡ് കോൺക്രീറ്റിംഗ് | 399/18-19 | 4.5 ച.മീറ്റർ | 5,682 | 4,014 | 1,668 |
| 3 | അശാരിപ്പടി റോഡ് കോൺക്രീറ്റിംഗ് | 195/18-19 | 15 ച.മീറ്റർ | 18941 | 13,379 | 5,562 |

അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.25/18.11.20)

# 1-52 കമ്പ്യൂട്ടറുകൾ വാങ്ങൽ - വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബിൽ തുക അനുവദിച്ചു

2018-19 ലെ സ്പിൽ ഓവർ പ്രോജക്റ്റ്കളായ 131/19, 132/19, 133/19, 134/19 എന്നീ പദ്ധതികൾ പ്രകാരം പഞ്ചായത്തിലേക്കാവശ്യമായ കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. ടി പദ്ധതികളുടെ നടത്തിപ്പിലെ അപാകത സംബന്ധിച്ച് കേരള സ്റ്റേറ്റ് ഓഡിറ്റിനോട് പ്രത്യേക പരിശോധന നടത്താൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി അപാകതകളെ സംബന്ധിച്ച് പ്രത്യേക കത്ത് നം.കെ.എസ്.എ.ടി.എസ്.ആർ.ഇ3-1828/18 തിയതി.30.11.18 പ്രകാരം അറിയിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റിയുടെ ഖണ്ഡിക 4-18 ലെ തീരുമാന പ്രകാരം വാങ്ങിയ സാധനങ്ങളുടെ ഗുണ നിലവാരവും സ്പെസിഫിക്കേഷനും പരിശോധിച്ച് ഐ.കെ.എം ശുപാർശ ചെയ്യുന്നതിനനുസരിച്ച് ബിൽ തുക നൽകാൻ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന്

തുക അനുവദിച്ചിട്ടുണ്ട്. ചട്ടങ്ങൾ പാലിക്കാതെ നടത്തിയ വാങ്ങലിന്റെ തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 26.07.2019, 27.07.2019 | കെ.എസ്.എ.ടി.എസ്.ആർ (എസ്റ്റി) - 1120/19(36)/3.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 805239 | ലൈഫ് മിഷൻ രണ്ടാം ഘട്ടം ഭവന നിർമ്മാണം ജനറൽ (പ്രൊ.നം.13/19) | 805239 | 0 |
| | | 100000 | സമഗ്ര ക്ഷീര വികസനം പാലിന് സബ്സിഡി (പ്രൊ.നം.34/19) | 100000 | 0 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ആകെ | | 1005239 | | 1005239 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1924895 | ലൈഫ് മിഷൻ രണ്ടാം ഘട്ടം ഭവന നിർമ്മാണം ജനറൽ (പ്രൊ.നം.13/19) | 1924895 | 0 |

| | | | | | |
|---|---|---|---|---|---|
| | | 950000 | സമഗ്ര ക്ഷീര വികസനം പാലിന് സബ്സിഡി (പ്രൊ.നം.34/19) | 950000 | 0 |
| | | 500000 | സമഗ്ര നെൽകൃഷി വികസനം (പ്രൊ.നം.16/19) | 500000 | 0 |
| | | 200000 | പാലിയേറ്റീവ് കെയർ (പ്രൊ.നം.109/19) | 199910 | 90 |
| ആകെ | | 5374895 | | 5374805 | 90 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക്നം | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റൽ (പ്രൊജക്റ്റ് നം.127/19) | 18/18-19, 30.10.18 | 1,08,112 | 0 | 1,08,112 |
| പി.ഡബ്ല്യു. ഡി ഇലക്ട്രോണിക്സ് ഡിവിഷൻ | മാലിന്യ നിക്ഷേപം കണ്ടെത്തുന്നതിന് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ക്യാമറ സ്ഥാപിക്കൽ (പ്രൊജക്റ്റ് നം.204/19) | 21800996, 27.03.19 | 1,19,960 | 0 | 1,19,960 |

ടി തുക ബാലൻസ് ഷീറ്റ് – B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ളത് വ്യക്തമല്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വായ്പ തുക | വാർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| KURDFC | - | 14300055 | 0 | 0 | 0 | | 14300055 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6,000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1998-99 | 36 | 6000 | അപ്പുകുട്ടൻ.എ.കെ | 118040500052 തി.21.3.2019 |
| | | 6000 | | |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ലഭ്യമല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,34,75,147 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,58,10,521 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,90,674 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1 -24 | 18376 | മിനി.വി, സെക്രട്ടറി |
| 1-25 | 11140 | മിനി.വി, സെക്രട്ടറി |
| 1-31 | 90000 | ജയനൻ.കെ. സെക്രട്ടറി |
| 1-33 | 65760 | മിനി.വി, സെക്രട്ടറി |
| 1-34 | 119960 | മിനി.വി, സെക്രട്ടറി |
| 1-36 | 4400 | സനൽകുമാർ, ഹെഡ്മാസ്റ്റർ |
| 1-37 | 250000 | സനൽകുമാർ, ഹെഡ്മാസ്റ്റർ |
| 1-43 | 17438 | ഷെമീർ.കെ.എം, അസി.എഞ്ചിനീയർ |
| 1-44 | 7300 | ഷെമീർ.കെ.എം, അസി.എഞ്ചിനീയർ |
| 1-45 | 88200 | ബീന.എം.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-47 | 118100 | ഡോ.ബിന്ദു.കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 790674 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1969-70<br>1970-71 | എൽ.എഫ്.ഇ3 -2943/74/03.07.1984 |
| 1971-72 | എൽ.എഫ്.ഇ3 -5011/74/13.05.1975 |
| 1972-73 | എൽ.എഫ്.ഇ3 -1894/76/26.01.1997 |
| 1973-74 | എൽ.എഫ്.ഇ3 -398/76/12.02.1976 |
| 1974-75 | എൽ.എഫ്.ഇ3 -6775/76/06.06.1978 |

| | |
|---|---|
| 1975-76 | എൽ.എഫ്.ഇ3 -5136/77/06.01.1978 |
| 1976-77 | എൽ.എഫ്.ഇ3 -2535/82/11.06.1983 |
| 1977-78 | എൽ.എഫ്.ടി.10 -2109/80/07.10.1980 |
| 1978-79 | എൽ.എഫ്.ടി.10 -710/928/23.03.1981 |
| 1979-80 | എൽ.എഫ്.ടി.13 -1574/82/15.09.1982 |
| 1980-81 | എൽ.എഫ്.ടി.(എസ്.2)90711/28.01.2012 |
| 1981-82 | |
| 1982-83 | |
| 1983-84 | |
| 1984-85 | |
| 1985-86 | |
| 1986-87 | എൽ.എഫ്.ടി.13 -1329/92/15.10.1992 |
| 1987-88 | |
| 1988-89 | എൽ.എഫ്.ടി.13 -1488/93/25.02.1994 |
| 1989-90 | |
| 1990-91 | |
| 1991-92 | എൽ.എഫ്.ടി.13 -627/93/03.12.1993 |
| 1992-93 | എൽ.എഫ്.ടി.13 -368/96/31.03.1997 |
| 1993-94 | |
| 1994-95 | എൽ.എഫ്.ടി.പി.4 -50/2014/14.03.14/05.04.2014 |
| 1995-96 | |
| 1996-97 | |
| 1997-98 | |
| 1998-99 | |
| 1999-2000 | |
| 2000-2001 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |

| | |
|---|---|
| 2007-08 | എൽ.എഫ്.ടി.പി.4 -1306/11/08.02.2012 |
| 2008-09 | എൽ.എഫ്.ടി.പി.4<br>-1307/11/22.02.2012/31.03.2012 |
| 2009-2010<br>2010-11 | എൽ.എഫ്.ടി.പി.4<br>-1408/12/05.12.2012/05.03.2013 |
| 2011-12 | എൽ.എഫ്.ടി.പി.4<br>-2119/2013/12.05.2014/07.08.2014 |
| 2012-13 | എൽ.എഫ്.ടി.പി.4-1921/14/06.03.2015/<br>01.04.2015 |
| 2013-14<br>2014-15 | നം.കെ.എസ്.എ.ടി.എസ്.ആർ(പി4)<br>405/16.തിയ്യതി 02.04.2016/06.05.2016 |
| 2015-16 | നം .കെ.എസ്.എ. ടി.എസ്.ആർ(പി 4)<br>2026/16.തിയ്യതി 22.11..2016/17.1.17 |
| 2016-17 | No.KSATSR P4 -1373/2017 തീ.13.10.17/10.11.17 |
| 2017-18 | നം .കെ.എസ്.എ. ടി.എസ്.ആർ(പി 4)<br>350/2019.തിയ്യതി 4.6.2019 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
തൃശ്ശൂർ ജില്ല ഓഡിറ്റ് കാര്യാലയം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്